# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെള്ളറട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി2/1490/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 18/12/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളറട ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി2/1490/2021 തീയ്യതി: 18/12/2021

## തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്:

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-08-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) | 08-09-2021 | 28-09-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-09-2021 | 28-09-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ആർ.പ്രതാപ്കുമാർ., ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ.അനിൽകുമാർ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജസ്റ്റിൻരാജ്.ടി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അൻവർരാജ്.എം,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ദിലീപ് കുമാർ.കെ.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രാജു.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശോഭകുമാരി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. അനിൽകുമാർ.ആർ.എസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## <u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽകുമാർ.ആർ.എസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.ജലജകുമാരി.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷീല | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 17-07-2020 |
| ശ്രീ.ശ്രീരാഗ് | അസിസ്റ്റന്റ് എഞ്ചിനീയർ | 18-07-2019 | 31-03-2020 |
| ശ്രീ.ഷിബു വിൽസൻ | വി.ഇ.ഒ (ബി സർക്കിൾ) | 01-04-2019 | 31-03-2020 |
| ശ്രീ.വിനി.ജോസഫ് | വി.ഇ.ഒ (സി സർക്കിൾ) | 01-04-2019 | 31-03-2020 |
| ഡോ.സുനിൽ | മെഡിക്കൽഓഫീസർ(അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ.രാഖി | മെഡിക്കൽഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീ.ബൈജു | കൃഷിഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.സാം ഡേവിഡ് | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ.ബൈജു.എസ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.പാർവ്വതി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ജയശ്രീ.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

**ഉള്ളടക്കം**



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: AnilKumar R (Senior Grade Auditor, On 29-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Raju. S (Auditor, On 01-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-12-2021) | 1-2 |
| 3 | വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ<br>Written By: Raju. S (Auditor, On 01-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-12-2021) | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: AnilKumar R (Senior Grade Auditor, On 29-09-2021)<br>Last Updated By: K Sreeja (Deputy Director, On 18-12-2021) | 1-3 |
| 5 | പദ്ധതി അവലോകനം<br>Written By: Prathap Kumar R (Audit Officer (HG), On 01-10-2021)<br>Last Updated By: K Sreeja (Deputy Director, On 18-12-2021) | 1-4 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Dileep Kumar K N (Senior Grade Auditor, On 29-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-12-2021) | 1-5 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Justin Raj T.S (Senior Grade Auditor, On 25-09-2021)<br>Last Updated By: K Sreeja (Deputy Director, On 18-12-2021) | 1-6 |
| 8 | പണം നീക്കിയിരിപ്പ് പരിശോധന<br>Written By: Justin Raj T.S (Senior Grade Auditor, On 24-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Prathap Kumar R (Audit Officer (HG), On 04-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയവിവരം<br>Written By: Prathap Kumar R (Audit Officer (HG), On 01-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-9 |
| 11 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 24-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-10 |
| 12 | വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (Traders' List) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-11 |
| 13 | ലൈസൻസ് നൽകൽ കാര്യക്ഷമമല്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-12 |
| 14 | കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-12-2021) | 1-12-1 |
| 15 | റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-13 |
| 16 | തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-14 |
| 17 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച<br>Written By: Justin Raj T.S (Senior Grade Auditor, On 24-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-15 |
| 18 | തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല | 1-16 |

| | | |
|---|---|---|
| | Written By: Justin Raj T.S (Senior Grade Auditor, On 24-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-12-2021) | |
| 19 | സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-16-1 |
| 20 | കടമുറികൾ വാടകയ്ക്കു നൽകാൻ കഴിയാത്തതിനാൽ വരുമാന നഷ്ടം<br>Written By: Justin Raj T.S (Senior Grade Auditor, On 24-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-12-2021) | 1-17 |
| 21 | യഥാസമയം അറ്റകുറ്റപണികൾ നടത്താത്തതിനാൽ മുറി വാടകയ്ക്കു നൽകുവാൻ കഴിയുന്നില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-18 |
| 22 | പോസ്റ്റ് ഓഫീസ് വാടക രഹിതമായി പ്രവർത്തിക്കുന്നു<br>Written By: Justin Raj T.S (Senior Grade Auditor, On 24-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-19 |
| 23 | കരാർപത്രം (എഗ്രിമെന്റ്) ചമച്ചിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-20 |
| 24 | വാടക യഥാസമയം പിരിച്ചെടുത്തിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-21 |
| 25 | കുളങ്ങൾ ലേലം ചെയ്തു നല്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-12-2021) | 1-22 |
| 26 | ചിറത്തലക്കൽ കാർഷിക കുളത്തിൽ നിന്നും നീക്കം ചെയ്ത മണ്ണ് ലേലം ചെയ്തില്ല – പഞ്ചായത്തിന് വരുമാന നഷ്ടം<br>Written By: Dileep Kumar K N (Senior Grade Auditor, On 29-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-12-2021) | 1-23 |
| 27 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുന്നില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-12-2021) | 1-24 |
| 28 | കോർപ്പറേറ്റീവ് റെസ്പ്പോൺസിബിലിറ്റി ഫണ്ട് ഉപയോഗിക്കണം.<br>Written By: Raju. S (Auditor, On 26-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-12-2021) | 1-25 |
| 29 | ദുരിതാശ്വാസ നിധി നിർജീവം<br>Written By: Raju. S (Auditor, On 26-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-26 |
| 30 | പനച്ചമൂട് ചന്തയുടെ ആധുനികവൽക്കരണം- നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചില്ല<br>Written By: Prathap Kumar R (Audit Officer (HG), On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-27 |
| 31 | പൂവൻക്കുഴി അംഗൻവാടിയിൽ വൈദ്യുതി ബന്ധം പുനസ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല<br>Written By: Prathap Kumar R (Audit Officer (HG), On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-28 |
| 32 | ആസ്തി സംരക്ഷണ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Dileep Kumar K N (Senior Grade Auditor, On 29-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-29 |
| 33 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: Dileep Kumar K N (Senior Grade Auditor, On 29-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-30 |
| 34 | കരാറുടമ്പടി വയ്ക്കാൻ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല<br>Written By: Dileep Kumar K N (Senior Grade Auditor, On 29-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-31 |

| | | |
|---|---|---|
| 35 | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല<br>Written By: Dileep Kumar K N (Senior Grade Auditor, On 29-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-32 |
| 36 | മരാമത്ത് പ്രവൃത്തി - നിർവഹണ ഉദ്യോഗസ്ഥൻ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.<br>Written By: Dileep Kumar K N (Senior Grade Auditor, On 29-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-33 |
| 37 | ലൈഫ് ഭവനം പുറമ്പോക്ക് ഭൂമിയിൽ പണിതു.<br>Written By: Raju. S (Auditor, On 26-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-34 |
| 38 | ലൈഫ് ഭവനപദ്ധതി-അനർഹമായി തുക കൈപ്പറ്റിയവരിൽനിന്നും തുക ഈടാക്കിയില്ല<br>Written By: Prathap Kumar R (Audit Officer (HG), On 03-10-2021)<br>Last Updated By: K Sreeja (Deputy Director, On 18-12-2021) | 1-35 |
| 39 | ഇൻഷുറൻസ് രേഖകൾ ഹാജരാക്കിയില്ല- തുക 1500000/- തടസ്സപ്പെടുത്തുന്നു<br>Written By: AnilKumar R (Senior Grade Auditor, On 29-09-2021)<br>Last Updated By: K Sreeja (Deputy Director, On 18-12-2021) | 1-36 |
| 40 | സ്പോർട്സ് കിറ്റ് വിതരണം -അപാകത<br>Written By: AnilKumar R (Senior Grade Auditor, On 29-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-37 |
| 41 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-തുക 131250/- തടസ്സപ്പെടുത്തുന്നു<br>Written By: AnilKumar R (Senior Grade Auditor, On 29-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-12-2021) | 1-38 |
| 42 | സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷവും പൂർത്തീകരിച്ചിട്ടില്ല.<br>Written By: AnilKumar R (Senior Grade Auditor, On 29-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-39 |
| 43 | അനുപൂരക പോഷകാഹാര പദ്ധതി - സ്റ്റോക്ക് രജിസ്റ്ററുകൾ ഐ.സി.ഡി.എസ്.സൂപ്പർവൈസർ പരിശോധിക്കുന്നില്ല.<br>Written By: Anwar Raj.M (Senior Grade Auditor, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-12-2021) | 1-40 |
| 44 | വായനശാലകൾക്ക് പുസ്തക വിതരണം -പദ്ധതി രൂപീകരണത്തിലെ പാളിച്ച<br>Written By: Anwar Raj.M (Senior Grade Auditor, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-41 |
| 45 | എൽ.പി.യു.പി.സ്ക്കൂളുകളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ - വിതരണക്കാരനെ തിരഞ്ഞെടുത്ത രീതി ക്രമപ്രകാരമല്ല<br>Written By: Anwar Raj.M (Senior Grade Auditor, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-42 |
| 46 | അഗതിരഹിതകേരളം-അവലോകനം<br>Written By: AnilKumar R (Senior Grade Auditor, On 29-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-12-2021) | 1-43 |
| 47 | പെൻഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 25-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-44 |
| 48 | നടപടിക്രമങ്ങളിലെ കാലതാമസം; പെൻഷൻ നിശ്ചിത സമയത്തിനുള്ളിൽ അനുവദിക്കാൻ കഴിയുന്നില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 25-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 06-12-2021) | 1-45 |
| 49 | മരണശേഷം പെൻഷൻ വിതരണം ചെയ്യുന്നതിലൂടെ സർക്കാരിന് ധനനഷ്ടം<br>Written By: Justin Raj T.S (Senior Grade Auditor, On 25-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-12-2021) | 1-46 |
| 50 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - കരാറുകാരിൽ നിന്ന് | 1-47 |

| | | |
|---|---|---|
| | ജി.എസ്.ടിയും ആദായ നികുതിയും സ്രോതസ്സിൽ നിന്നും കുറവ് ചെയ്യുന്നില്ല<br>Written By: Dileep Kumar K N (Senior Grade Auditor, On 29-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | |
| 51 | ഓഡിറ്റ് പരാമർശങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.<br>Written By: Raju. S (Auditor, On 26-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-12-2021) | 1-48 |
| 52 | കുരിശുമല തീർത്ഥാടനം -ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിന് പകരം ബദൽ സംവിധാന ഏർപ്പെടുത്തൽ - തുടർ നടപടികൾ വൈകുന്നു.<br>Written By: AnilKumar R (Senior Grade Auditor, On 06-12-2021)<br>Last Updated By: AnilKumar R (Senior Grade Auditor, On 06-12-2021) | 1-49 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സാമ്പത്തികനില<br>Written By: AnilKumar R (Senior Grade Auditor, On 27-09-2021)<br>Last Updated By: K Sreeja (Deputy Director, On 18-12-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: AnilKumar R (Senior Grade Auditor, On 27-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 06-12-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: AnilKumar R (Senior Grade Auditor, On 27-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: AnilKumar R (Senior Grade Auditor, On 26-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 06-12-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: AnilKumar R (Senior Grade Auditor, On 26-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: AnilKumar R (Senior Grade Auditor, On 29-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 06-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: AnilKumar R (Senior Grade Auditor, On 26-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 06-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: AnilKumar R (Senior Grade Auditor, On 26-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 06-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Prathap Kumar R (Audit Officer (HG), On 04-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 06-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: AnilKumar R (Senior Grade Auditor, On 26-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-12-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

28.02.2019 ലെ 1(1) നമ്പർ തീരുമാനപ്രകാരം 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. മുന്നിരിപ്പുൾപ്പെടെയുള്ള പ്രതീക്ഷിത വരവ് 785910264 /-രൂപയും പ്രതീക്ഷിത ചെലവ് 781758744/-രൂപയുമാണ്. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 03.03.2020-ലെ നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് തയ്യാറാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

**(എ)** ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റിൽ ഉൾപ്പെടുത്തിയതിനേക്കാൾ അധികമായും ഉൾപ്പെടുത്താതെയും താഴെപ്പറയുന്ന ഇനങ്ങൾക്ക് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം | ഇനം | ബജറ്റ് ഹെഡ് കോഡ് | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | വാടക | 2201001 | 16000 | 30000 |
| 2 | ജലസേചന പദ്ധതികൾ - സംരക്ഷണവും അറ്റകുറ്റപണികളും | 2305006 | 20000 | 2171654 |
| 3 | കൃഷിയും അനുബന്ധമേഖലകളും-മറ്റ് വിളകൾ | 2501002 | 0 | 196450 |
| 4 | മറ്റ് കാർഷിക വികസന പരിപാടികൾ | 2501003 | 0 | 1040566 |
| 5 | കൃഷിയും അനുബന്ധമേഖലകളും-ക്ഷീരവികസനം | 2501005 | 0 | 1500000 |
| 6 | മണ്ണ് ജലസംരക്ഷണം | 2502001 | 0 | 59000 |
| 7 | സ്പോർട്സ് | 2511007 | 100000 | 199479 |
| 8 | വൈദ്യുതലൈൻ നീട്ടൽ | 2516301 | 17739 | 199360 |
| 9 | ടൂറിസം -പശ്ചാത്തലസൗകര്യങ്ങൾ | 2516401 | 0 | 116743 |

(ബി) 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ/ പരിഷ്കരിച്ച ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ.

| ക്രമനം | ഇനം | ബഡ്ജറ്റ് ഹെഡ്കോഡ് | ബജറ്റിൽ വകയിരുത്തിയ തുക | ധനകാര്യപത്രിക പ്രകാരം ചെലവ് |
|---|---|---|---|---|
| 1 | കൃഷിയും അനുബന്ധ മേഖലകളും -തെങ്ങ് കൃഷി | 2501009 | 237560 | 0 |
| 2 | കൃഷിയും അനുബന്ധ മേഖലകളും-വാഴ | 2501012 | 227700 | 0 |

| | | | | |
|---|---|---|---|---|
| 3 | കൃഷിയും അനുബന്ധ മേഖലകളും- അനുബന്ധസൗകര്യങ്ങൾ | 2501026 | 495000 | 0 |
| 4. | മൃഗസംരക്ഷണം-ആട് വളർത്തൽ | 2501032 | 2000000 | 0 |
| 5. | മൃഗസംരക്ഷണം-പശ്ചാത്തല സൗകര്യങ്ങൾ | 2501039 | 450000 | 0 |
| 6. | മൃഗസംരക്ഷണം- രോഗനിയന്ത്രണം | 2501040 | 499500 | 0 |
| 7. | ക്ഷീരവികസനം- സംഭരണവും വിപണനവും | 2501046 | 3226000 | 0 |
| 8 | ജലസംരക്ഷണം | 2502006 | 2263600 | 0 |
| 9. | പ്രകൃതി സംരക്ഷണത്തിന് വേണ്ടിയുള്ള മറ്റ് ഇടപ്പെടലുകൾ | 2504002 | 2696800 | 0 |
| 10 | കല-സംസ്കാരം-സ്പോട്സ്- യുവജനക്ഷേമം-പ്രോത്സാഹന പരിപാടികൾ | 2511019 | 1184000 | 0 |

ഈ വിഷയത്തിൻമേൽ നൽകിയ ഓഡിറ്റ് അന്വേഷണം നം-12/2021-ന് നൽകിയ മറുപടിയിൽ 2019-20-ലെ വർഷത്തെ ബജറ്റ് രണ്ട് തവണ (03.03.2020, 19.02.21) റിവൈസ് ചെയ്തതായും അറിയിച്ചിട്ടുണ്ട്. റിവൈസ് ചെയ്തിട്ടും മേൽപ്പറഞ്ഞ അപാകങ്ങൾ പരിഹരിക്കപ്പെടാതിരുന്നത് ബഡ്ജറ്റ് തയ്യാറാക്കിയതിലെ ജാഗ്രതക്കുറവായി വിലയിരുത്തുന്നു. ഇത്തരം അപാകങ്ങൾ വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട അവസാന തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 16.06.2020 | - | - |

## 1-2-1 വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു. ( വരവ് 352897406/- ചെലവ് 355696759/-).

2. ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3. നോട്ട്സ് ഓൺ അക്കൗണ്ട് വാർഷിക കണക്കുകളോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

4. വാർഷിക കണക്കുകൾക്കൊപ്പം അനുപാതങ്ങൾ (Ratios ) ഉൾപ്പെടുത്തിയിട്ടില്ല.

5. സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ്, B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

6.സാക്ഷരത, ജലനിധി എന്നീ അക്കൗണ്ടുകളിലെ 31.03.2020-ലെ നീക്കിയിരുപ്പ് ബാങ്ക് പാസ്സ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല. പ്രസ്തുത അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| അക്കൗണ്ട് | എ.എഫ്.എസ് പ്രകാരം | ബാങ്ക് പാസ്സ് ബുക്ക് പ്രകാരം |
|---|---|---|
| സാക്ഷരത | 63382 | 67726 |
| ജലനിധി | 531020 | 570277.17 |

7.ഗ്രാമപഞ്ചായത്തിലെ ദിവസവേതന, പാർട്ട് ടൈം, കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവരുടെ മാർച്ച് 2020 ലെ ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

8.ഡെപ്പോസിറ്റ് തുകകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരുപ്പ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

9.MGNREGS-നീക്കിയിരുപ്പ് ക്യാഷ് ബുക്ക് പ്രകാരമുള്ള തുകയും (11428/-) ബാങ്ക് പാസ്സ്ബുക്ക് പ്രകാരമുള്ള (126365/-) തുകയും പൊരുത്തപ്പെടുന്നില്ല.

10. 2019-20 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

11.ഗുണഭോക്തൃവിഹിതമിനത്തിൽ തൻവർഷം ചെലവഴിച്ച തുകയുടെ വിവരങ്ങൾ സുലേഖ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

12.ബി-18-ൽ കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് തുക പൊരുത്തപ്പെടുന്നില്ല. ഡെപ്പോസിറ്റ് ഇനങ്ങളിലെ (വാട്ടർ അതോറിറ്റി, കെ.എസ് ഇ ബി, അനർട്ട് ) രജിസ്ററർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

13.ലൈഫ്, അങ്കണവാടി ജീവനക്കാർക്കുള്ള അധിക വേതനം-ജി.ഒ പ്രോജക്ട് മുഖേന തിരിച്ചടച്ച തുകയുടെ വിശദാംശങ്ങൾ സുലേഖ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

14.Profession Tax Inst / Traders തൻവർഷം കുടിശ്ശികയിനത്തിൽ ലഭിച്ച 2150/- രൂപ 2018-19-ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

15. Festival Advance എന്നയിനത്തിൽ ധനകാര്യപത്രികയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.
16. സംയുക്ത പ്രോജക്ടുകളുടെ ചെലവ്, ബാലൻസ് എന്നിവ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വർഷാദ്യം തിരികെ ലഭിക്കാനുണ്ടായിരുന്ന തുക | തൻവർഷം നൽകിയ തുക | തൻവർഷം തിരികെ ലഭിച്ച തുക | വർഷാവസാനം തിരികെ ലഭിക്കാനുള്ള തുക (ധനകാര്യപത്രിക പ്രകാരം) | വ്യത്യാസം |
|---|---|---|---|---|---|
| FestivalAdvance | 8000 | 160000 | 6000 | 21000 | 141000 |

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | കൃ ബിൽ |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 20855495 | 20855495 | 20623286*(1) | 232209 | 2353484 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5641118 | 5641118 | 4239080*(2) | 1402038 | 318852 |
| വികസനഫണ്ട് റ്റി എസ് പി | 0 | 571176 | 571176 | 189700*(3) | 381476 | |
| സി.എഫ്.സി. | 0 | 23504794 | 23504794 | 12180293 | 11324501 | 2898664 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 24407000 | 24407000 | 9694076 | 14712924 | 139692 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 7308000 | 7308000 | 3086176 | 4221824 | |
| എം.എൻ.ആർ. ഇ.ജി.എസ് | 9995 | 5276653 | 5286648 | 5160283 | 126365 | |
| ഐ സി ഡി എസ് | 693504 | 1177700 | 1871204 | 1000000 | 871204 | |
| ശുചിത്വ മിഷൻ | 2098227 | 551800 | 2650027 | 203800 | 2446227 | |

* (1).ജി.ഒ.പ്രോജക്ട് (അംഗനവാടി ജീവനക്കാരുടെ അധികവേതനം, ലൈഫ് വായ്പ തിരിച്ചടവ്) മുഖേന Source Deduction തുകയായ 9886259/- രൂപ എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

* (2).ജി.ഒ.പ്രോജക്ട് (ലൈഫ് വായ്പ തിരിച്ചടവ്) മുഖേന Source Deduction തുകയായ 205882/- രൂപ എ.സി.ആർ,ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

* (3)ജി.ഒ.പ്രോജക്ട് (ലൈഫ് വായ്പ തിരിച്ചടവ്) മുഖേന Source Deduction തുകയായ 58824/- രൂപ എ.സി.ആർ,ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-35/21-ന് ടി തുകകൾക്ക് തുല്യമായതുക ജി.ഒ.പ്രോജക്ട് ആയി സുലേഖ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തുന്നതിന് സാങ്കേതിക പ്രശ്നം നേരിട്ടതിനാലാണ് എ.സി.ആർ,ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവയിൽ ചെലവ് സംബന്ധിയായ വിവരം ലഭ്യമാകാത്തതെന്നാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 344 | 431083685 | 179 | 67564579 | - | 165 | 52 |

വിവിധ പദ്ധതികൾക്കായി വകയിരുത്തിയ ഫണ്ടിന്റെ 16 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം -34/21-ന് ലഭ്യമാക്കിയ മറുപടിയിൽ ക്യൂബിൽ ആയതിനാലാണ് പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി വിഹിതം പൂർണമായും ഫലപ്രദമായും ഫണ്ട് വിനിയോഗിക്കുന്നതിന് പ്രാമുഖ്യം നൽകേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 13,937.15 | 54,13,053 | 54,26,990.15 | 53,55,611.64 | 71,378.51 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 16,65,56,000 | 16,65,56,000 | 16,65,56,000 | |
| **ആകെ** | **13,937.15** | **17,19,69,053** | **17,19,82,900.15** | **17,19,11,611.64** | **71,378.51** |

## 1-6 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 409200 | 442 |
| കർഷക തൊഴിലാളി പെൻഷൻ | 6905400 | 3539 |
| വിധവ പെൻഷൻ | 12294000 | 5064 |
| വാർദ്ധക്യകാല പെൻഷൻ | 21060600 | 10760 |
| വികലാംഗ പെൻഷൻ | 4156600 | 2070 |
| വിവാഹ ധന സഹായം | 870000 | 29 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 296400 | 143 |

## 1-7 പണം നീക്കിയിരിപ്പ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.09.2021 തീയതി ഉച്ചയ്ക്ക് 12 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6745/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

*ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. രജിസ്ററുകളുടെയും വിവരശേഖരണ സംവിധാനങ്ങളുടെയും വിവരങ്ങൾ കാലികമായും കൃതതയോടെയും സൂക്ഷിക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

*വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.

*പഞ്ചായത്തിന്റെ വരവിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള വരവുകൾ പിരിച്ചെടുക്കുന്നതിനുള്ള ശ്രമങ്ങൾ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ഡേഡേഴ്സ് ലിസ്റ്റ് കാലിമല്ലാത്തതിൽ പഞ്ചായത്ത് പ്രദേശത്തെ എല്ലാ വ്യാപാരസ്ഥാപനങ്ങളിൽ നിന്നുമുള്ള ലൈസൻസ്, തൊഴിൽനികുതി ഈടാക്കാനായിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നടപടികളും തീരുമാനിച്ച് കൃത്യതയോടെ നികുതി പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്.
*ഔട്ട് ഡോർ കളക്ഷൻ തുക ഒടുക്കുന്നതിന് മുമ്പ്, ദൈനംദിന കളക്ഷൻ തുകയുടെ കൃത്യത മേലുദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

*ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന നിർദ്ധനരായ ജനങ്ങൾക്ക് ദുരിതകാലത്ത് കൈതാങ്ങായി മാറുന്ന ദുരിതാശ്വാസനിധിയിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചും മറ്റ് മാർഗങ്ങൾ വഴിയും ധന സമാഹരണം നടത്തി ഏറ്റവും അർഹർക്ക് വേണ്ടസമയത്ത് ധനസഹായം എത്തിയ്ക്കാൻ ഭരണസമിതി ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

*ഓരോ വർഷവും നടപ്പിലാക്കുന്ന നിക്ഷേപ പ്രവൃത്തികൾ, മറ്റിതര ചെലവുകളുടെ വിനിയോഗസാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്നും കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് സത്വര നടപടികൾ കൈകൊള്ളേണ്ടതാണ്.
*പദ്ധതി നടത്തിപ്പിൽ ഫലപ്രാപ്തി ഉറപ്പുവരുത്തേണ്ടതും, അർഹരായ ഗുണഭോക്താക്കളെ മാത്രം ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

*വായനശാലകൾക്ക് പുസ്തക വിതരണം എന്ന പദ്ധതിയിൽ വിതരണം ചെയ്യാത്ത പുസ്തകങ്ങൾ എത്രയും വേഗം അർഹരായവരിലെത്തിക്കാൻ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

*പെൻഷൻ വിതരണത്തിൽ അതീവ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയവിവരം

**മറ്റ് ഓഡിറ്റുകൾ നടത്തിയവിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 10.02.2020 | 2019 ഡിസംബർ | ലഭ്യമാക്കിയില്ല |
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 29.08.2018 | 2013-14 മുതൽ 2017-18 | 22.10.2018 |

## 1-10 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തെ എഴുതി നൽകിയ രസീതുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**അ) രസീതുകളിൽ ഓഫീസ് മുദ്ര പതിച്ചിട്ടില്ല.**

പണം സ്വീകരിക്കുന്നതിനുപയോഗിച്ച രസീതുകളിൽ ഓഫീസ് മുദ്ര പതിച്ചിട്ടില്ലാത്തതിനാൽ ഇതിന് നിയമപരമായ ആധികാരികതയില്ല. കൂടാതെ വ്യാജ രസീത് ഉപയോഗിക്കുന്നതിനുള്ള സാധ്യതയ്ക്കും കാരണമാകാവുന്നതാണ്. ആയതിനാൽ എല്ലാ രസീതുകളിലും ഓഫീസ് മുദ്ര പതിച്ച് ആധികാരികമാക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ആ) സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.**

വരവ് രസീതുകൾ ഉൾപ്പെടുന്ന രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. 28303, 28304, 28307, 28317 എന്നീ നമ്പർ രസീത് ബുക്കുകളിലാണ് ഇത്തരത്തിലുള്ള അപാകത ശ്രദ്ധയിൽപ്പെട്ടത്. കേരള ഫിനാൻഷ്യൽ കോഡ്, വാല്യം. 01, 90(ബി), 92(ബി) ആർട്ടിക്കിളുകൾ പ്രകാരം ഓരോ രസീത് ബുക്കിലെയും രസീതുകളുടെ എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. രസീത് ബുക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് അവയുടെ പുറം ചട്ടയുടെ ഉൾവശത്ത് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് ഉൾപ്പെടുത്തേണ്ടതാണ്.

**ഇ) രസീതുകൾ റദ്ദുചെയ്യുന്നത് ശരിയായ രീതിയിലല്ല**

രസീതുകളിൽ 'ക്യാൻസൽഡ്' എന്നെഴുതി റദ്ദുചെയ്യുന്ന രീതിയാണ് അനുവർത്തിച്ചുപോരുന്നത്. ഇങ്ങനെയുള്ള റദ്ദുചെയ്യൽ ക്രമപ്രകാരമുള്ളതല്ല. രസീതുകൾ റദ്ദുചെയ്യേണ്ട സാഹചര്യം വരുമ്പോൾ ആയതിനുള്ള കാരണം രേഖപ്പെടുത്തി റദ്ദുചെയ്യേണ്ടതും മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കൂടാതെ റദ്ദാക്കിയ രസീതിന്റെ ഡ്യൂപ്ലിക്കേറ്റിനൊപ്പം ഒറിജിനലും സൂക്ഷിക്കേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് 20.09.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.32ന് ലഭ്യമാക്കിയ മറുപടിയിൽ മേലിൽ ആവർത്തിക്കാതിതിരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## 1-11 വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (Traders' List) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്ന വ്യാപാര സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഓരോ വാർഡിലും എത്ര വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും മുഴുവൻ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടോയെന്നും ലൈസൻസ് നൽകിയിട്ടുണ്ടോയെന്നും കൃത്യമായി അറിയുവാൻ സാധിക്കുന്നില്ല. വ്യാപാര സ്ഥാപനങ്ങളുടെ കണക്ക് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് കൃത്യമായി നൽകുന്നതിനും നികുതി വരുമാനം ഉറപ്പുവരുത്തുന്നതിനും കഴിയുകയില്ല. കൂടാതെ നികുതി പിരിവ് പൂർണ്ണമായും കാര്യക്ഷമമായും നടത്തുവാനും കഴിയാതെ വരുന്നു. ഇത് തനതു ഫണ്ടിന്റെ ശോഷണത്തിന് കാരണമായിത്തീരുന്നു. ആയതിനാൽ വാർഡടിസ്ഥാനത്തിലുള്ള വ്യാപാരികളുടെ ലിസ്റ്റ് ഓരോ സാമ്പത്തിക അർദ്ധവർഷവും കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടത് പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ കർത്തവ്യമാണ്.

14.09.2021 ൽ 08ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വ്യാപാരികളുടെ ലിസ്റ്റ് തയ്യാറാക്കി ഓഡിറ്റിനു സമർപ്പിച്ചിട്ടുണ്ടെന്നു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് വാർഡടിസ്ഥാനത്തിലുള്ളതല്ലാത്തതിനാലും കുറച്ച് കടകൾ മാത്രമുൾപ്പെട്ടതിനാലും സെക്രട്ടി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കാത്തതനാലും ട്രേഡേഴ്സ് ലിസ്റ്റായി അംഗീകരിക്കുവാൻ കഴിയുകയില്ല.

## 1-12 ലൈസൻസ് നൽകൽ കാര്യക്ഷമമല്ല

ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 369 സ്ഥാപനങ്ങൾ/കടകൾ മാത്രമാണ് 2019-20 സാമ്പത്തിക വർഷത്തേയ്ക്ക് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ സഞ്ചയയിലെ കണക്കുകളനുസരിച്ച് 23 വാർഡുകളിലായി 2748 കെട്ടിടങ്ങൾ നിലവിലുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232, 233 പ്രകാരവും 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരവും ഏതൊരു വ്യാപാരസ്ഥാപനവും ആരംഭിക്കുന്നതിനു മുമ്പ് ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 10 പ്രകാരം ലൈസൻസ് ഓരോ വർഷവും പുതുക്കേണ്ടതുമാണ്.

ലൈസൻസ് ഫീസ് ഇനത്തിൽ സമാഹരിക്കുന്ന തുക തനതു ഫണ്ടിലേയ്ക്കുള്ള പ്രധാന വരുമാന സ്രോതസ്സായതിനാലും ലൈസൻസ് നൽകുകയെന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും കൂടാതെ ഈ ഗണത്തിൽപ്പെട്ട സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ ആരോഗ്യത്തേയും ജീവനേയും സ്വത്തിനേയും നേരിട്ടു ബാധിക്കുന്നവയായതിനാലും ഇക്കാര്യത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തര ശ്രദ്ധ പതിയേണ്ടതാണ്.

ഇതു സംബന്ധിച്ച് 14.09.2021 ൽ 08ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കോമേഴ്സ്യൽ കെട്ടിടങ്ങളിൽ ചിലത് പ്രവർത്തന രഹിതവും ചിലത് പ്രവർത്തന സജ്ജവുമാണെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങൾ സംബന്ധിച്ച കൃത്യവും ആധികാരികവുമായ കണക്ക് തയ്യാറാക്കി ലൈസൻസ് ഉൾപ്പെടെയുള്ള വിവരങ്ങളുടെ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

### 1-12-1 കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല

കല്യാണമണ്ഡപങ്ങൾ, ഹാളുകൾ, സ്വകാര്യ ആഡിറ്റോറിയങ്ങൾ എന്നിവയിൽ നിന്നും 2019-2020 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഇത് തനതുവരുമാന നഷ്ടത്തിനു കാരണമാകുന്നു. കേരള പഞ്ചായത്ത്രാജ് ആക്ട്, സെക്ഷൻ 232(1) ൽ "ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്നും മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ ഏതെങ്കിലും കാര്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്." ഇതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് വേണമെന്ന് വ്യക്തമാണ്. 1996-ലെ കേരള പഞ്ചായത്ത്രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 33 പ്രകാരം ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് അനിവാര്യമാണ്. ഇത്തരത്തിൽ 2019-2020 സാമ്പത്തിക വർഷം ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു. ഈ സ്ഥാപനങ്ങളിൽ നിന്നും 2019-2020 സാമ്പത്തിക വർഷത്തെ സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല.

1. കെ.പി.എം ഹാൾ, വെള്ളറട

2. ജെ.എം ഹാൾ, വെള്ളറട

3. ഹോളി ക്രോസ് ചർച്ച് പാരിഷ് ഹാൾ, ആനപ്പാറ

4. മണിരാജം ഓഡിറ്റോറിയം, മണ്ണാംകോണം

5. കന്യാ കല്യാണമണ്ഡപം, പനച്ചമൂട്

ഇതു സംബന്ധിച്ച് 14.09.2021 ൽ 08 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ കേരള പഞ്ചായത്ത്‌രാജ് വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും മറ്റു സേവനങ്ങളും ചട്ടങ്ങളിൽ കല്യാണമണ്ഡപങ്ങൾക്കും ആഡിറ്റോറിയങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്നില്ലെന്ന് അറിയിച്ചു. എന്നാൽ കല്യാണ മണ്ഡപങ്ങൾ KPR ആക്ട് 232(1)-ന്റെ പരിധിയിൽ വരുന്നതിനാൽ ലൈസൻസ് ആവശ്യമില്ല എന്ന വാദം അംഗീകരിക്കാൻ കഴിയില്ല. 2019-2020 സാമ്പത്തിക വർഷത്തെ ലൈസൻസ് ഫീസും സ്ഥാപന നികുതിയും അടിയന്തരമായി പിരിച്ചെടുത്ത് തനതു ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 1-13 റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല

റേഷൻ കടകളിൽനിന്നും 2019-2020 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കുകയോ, അവയ്ക്ക് ഫാക്ടറി-വ്യാപാര ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ല. ഇത് തനതുഫണ്ടിന്റെ വരുമാന ശോഷണത്തിന് കാരണമാകുന്നു. ഓഡിറ്റിനു ഹാജരാക്കിയ ലൈസൻസ് രജിസ്റ്ററിൽ റേഷൻ കടകൾ ഉൾപ്പെട്ടു കാണുന്നില്ല. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019 ലെ (CS)A9-764/19 നം. ഉത്തരവു പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്, കൂടാതെ 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യവുമാണ്.

ഇതു സംബന്ധിച്ച് 10.09.2021 തീയതിയിൽ 04 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വ്യാപാരികളുടെ ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കുമ്പോൾ റേഷൻ കടകളുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും കൃത്യമായ ഡിമാന്റ് നോട്ടീസിലൂടെ തൊഴിൽ നികുതിയിനത്തിലും ലൈസൻസ് ഫീസിനത്തിലും ലഭിക്കേണ്ട വരുമാനം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല

വിവിധ വാർഡുകളിലെ വ്യാപാരികൾക്ക് 2019-2020 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ നിർദ്ദിഷ്ട രീതിയിലുള്ള ഡിമാന്റ് നോട്ടീസിന്റെ/ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 10.09.2021 ൽ 04 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറി II(1) പ്രകാരം ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ വ്യാപാരികൾക്ക് 2019-2020 സാമ്പത്തിക വർഷം ഇത്തരത്തിലുള്ള ഡിമാന്റ് നോട്ടീസ്/ബില്ല് നൽകിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതിന്റെ ഡ്യൂപ്ലിക്കേറ്റിൽ കൈപ്പറ്റിയ വ്യക്തിയുടെ ഒപ്പും തീയതിയും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 10(1) പ്രകാരം തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കുവാൻ വ്യക്തികൾ/വ്യാപാരികൾ/കമ്പനികൾക്ക് നോട്ടീസ് നൽകേണ്ടതാണ്. ചട്ടം. 18(1) പ്രകാരം തൊഴിൽ നികുതിയായി നിശ്ചയിക്കപ്പെട്ട തുക ഡിമാന്റ് ചെയ്യേണ്ടതാണ്. തൊഴിൽ നികുതി ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരമുള്ള ഡിമാന്റ് ചെയ്യലിന്റെ അഭാവം നിമിത്തം നികുതി വരുമാനം ലഭിക്കാത്തതോ കുറയുന്നതോ കാലഹരണപ്പെടുന്നതോ ആയ സ്ഥിതിവിശേഷം സംജാതമായാൽ അത്തരത്തിലുണ്ടാകുന്ന വരുമാന നഷ്ടങ്ങളുടെ ബാദ്ധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും.

## 1-15 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

തൊഴിൽ നികുതി സംബന്ധമായ രേഖകളുടെ പരിശോധനയിൽ മേജർ ശ്രീ ഭഗവതി ക്ഷേത്രം ദേവസ്വം, വെള്ളറട എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2019-2020 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധ വർഷത്തെയും) തൊഴിൽ നികുതി പിരിച്ചെടുക്കാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. തൊഴിൽ നികുതി ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനത്തിന്റെ മേൽ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവയും 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഇതു സംബന്ധിച്ച് 10.09.2021 തീയതിയിൽ 04 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ മുടക്കം വരുത്തിയ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ ഉടൻ തന്നെ സ്വീകരിക്കുന്നതാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മുടക്കം വരുത്തിയ തൊഴിൽ നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-16 തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2019-2020 സാമ്പത്തിക വർഷത്തെ വരവ് സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൻവർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) സ്ഥാപന നികുതിയും ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. പഞ്ചായത്തിന്റെ മുൻവർഷത്തെ തൊഴിൽ നികുതി രേഖപ്പെടുത്തലുകൾ പ്രകാരം തൊഴിൽ നികുതി അടവാക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി തൻവർഷം ഈടാക്കിയിട്ടില്ല. ഇത്തരം സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. അനന്തപുരി ഹൗസിംഗ് സഹകരണ സംഘം, വെള്ളറട

2. മാന്നൂർ എസ് സി കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വെള്ളറട

3. ദയ ഹോമിയോ ആശുപത്രി, വെള്ളറട

4. ഇ വി എം ഹോണ്ട, വെള്ളറട

5. കല്ലിംഗൽ ബജാജ്, വെള്ളറട

തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനങ്ങളുടെ മേൽ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവയും 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഇത് സംബന്ധിച്ച് 14.09.2021 ൽ 08 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ 2019-2020 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ ഉടൻ തന്നെ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത നികുതികൾ പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-16-1 സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2019-2020 സാമ്പത്തിക വർഷത്തെ വരവ് സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൻവർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. ആദം ഫൈനാൻസ്, പനച്ചമൂട്

2. വൃന്ദാവൻ ഫൈനാൻസ്, പനച്ചമൂട്

3. സാം മോട്ടോഴ്സ്, പൊന്നമ്പി

4. മരിയ ആഡിറ്റോറിയം, വാലൻവിള

5. കെ പി എം ഹാൾ, വെള്ളറട

6. ഹോളിക്രോസ് ചർച്ച് പാരിഷ് ഹാൾ, ആനപ്പാറ

7. ജെ എം ഹാൾ, വെള്ളറട

8. മണിരാജം ആഡിറ്റോറിയം, മണ്ണാംകോണം

9. സന ഫൈനാൻസ്, വെള്ളറട, ചൂണ്ടിക്കൽ

10. കേശവ ഫൈനാൻസ്, വെള്ളറട

11. വി എസ് ഗോൾഡ് സർവ്വീസ്, പനച്ചമൂട്

12. പാലയ്ക്കൽ ഫൈനാൻസ്, പനച്ചമൂട്

13. അൽ അമൻ ട്രേഡിംഗ് കമ്പനി, പനച്ചമൂട്

14. രാഗം ട്രേഡേഴ്സ്, പനച്ചമൂട്

15. താഴക്കട ആയുർവേദിക് & സ്റ്റേഷനറി, പനച്ചമൂട്

16. ജെ എൻ മൾട്ടി ജിം, പനച്ചമൂട്

17. മഹാരാജ ടെക്സ് & റെഡിമെയ്ഡ്സ്, പനച്ചമൂട്

18. സഹകരണ നീതി മെഡിക്കൽസ്, പനച്ചമൂട്

19. മഞ്ചാടി മെഡിക്കൽസ്, പനച്ചമൂട്

20. ചിത്ര ടെക്സ്റ്റയിൽസ്, പനച്ചമൂട്

21. അരവിന്ദ് മെഡിക്കൽസ്, പനച്ചമൂട്

22. ജെ പി ടയേഴ്സ്, പനച്ചമൂട്

23. കണ്ണൻ എഞ്ചിനീയറിംഗ് വർക്സ്, പനച്ചമൂട്

24. സ്വപ്ന മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, വെള്ളറട

25. എ ജെ ഹാർഡ് വെയേഴ്സ്, വെള്ളറട

26. കിളിയൂർ ക്ഷീരോല്പാദക സഹകരണ സംഘം

ഇതു സംബന്ധിച്ച് 10.09.2021, 14.09.2021 തീയതികളിൽ യഥാക്രമം 04, 08 എന്നീ നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറികൾക്കു ലഭ്യമാക്കിയ മറുപടിയിന്മേൽ പ്രസ്താവിച്ച സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നവയാണെന്നും മുടക്കം വരുത്തിയ സ്ഥാപന നികുതി/തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ ഉടൻ തന്നെ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപന നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-17 കടമുറികൾ വാടകയ്ക്ക് നൽകാൻ കഴിയാത്തതിനാൽ വരുമാന നഷ്ടം

പനച്ചമൂട് കാർഷിക വിപണന കേന്ദ്രത്തിലെ കടമുറികൾ, പനച്ചമൂട് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ, വെള്ളറട ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ എന്നിവയിലെ മുറികൾ പലതും 2019-20 സാമ്പത്തിക വർഷം വാടകയ്ക്ക് നൽകുവാൻ കഴിയാതെ ഒഴിഞ്ഞു കിടന്നതിനാൽ തനത് ഫണ്ടിന് വരുമാന ശോഷണം ഉണ്ടായിട്ടുണ്ട്. ഇതിനു പുറമെ പ്രസ്തുത മുറികളുടെ വൈദ്യുതി, വെള്ളം തുടങ്ങിയവയുടെ ചെലവുകൾ പഞ്ചായത്താണ് വഹിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ആകെ മുറികളുടെ എണ്ണം | വാടകയ്ക്ക് നൽകിയ മുറികളുടെ എണ്ണം | മറ്റ് ആവശ്യങ്ങൾക്കുപയോഗിക്കുന്ന മുറികളുടെ എണ്ണം | ഒഴിഞ്ഞു കിടക്കുന്ന മുറികളുടെ എണ്ണം |
|---|---|---|---|---|
| പനച്ചമൂട് കാർഷിക വിപണന കേന്ദ്രം | 17 | 12 | 01 | 04 |
| പനച്ചമൂട് ഷോപ്പിംഗ് കോംപ്ലക്സ് | 53 | 49 | 01 | 03 |
| വെള്ളറട ഷോപ്പിംഗ് കോംപ്ലക്സ് | 14 | 12 | 01 | 01 |

കടമുറികൾ ഒഴിഞ്ഞുകിടക്കുന്നതു സംബന്ധിച്ച് 16.09.2021 ൽ 19 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഒഴിഞ്ഞു കിടക്കുന്ന മുറികൾ പലതവണ ലേലം നടത്തിയിട്ടും ലേലം കൊള്ളാൻ ആരും ഇല്ലായിരുന്നു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഒഴിഞ്ഞു കിടക്കുന്ന എല്ലാ മുറികളും ലേലം ചെയ്ത് നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 യഥാസമയം അറ്റകുറ്റപണികൾ നടത്താത്തതിനാൽ മുറി വാടകയ്ക്ക് നൽകുവാൻ കഴിയുന്നില്ല

വെള്ളറട ഷോപ്പിംഗ് കോംപ്ലക്സിലെ 7 നമ്പർ മുറി യഥാസമയം അറ്റകുറ്റപണികൾ നടത്താത്തതിനാൽ ഉപയോഗശൂന്യമായി ഒഴിഞ്ഞു കിടക്കുകയാണ്. ഇക്കാരണത്താൽ ഈ മുറി വാടകയ്ക്ക് കൊടുക്കവാൻ കഴിയാത്തതു കൊണ്ടുതന്നെ തനതു വരുമാനത്തിനു ശോഷണം സംഭവിക്കുന്നു. ആയതിനാൽ ഇത് അടിയന്തരമായി അറ്റകുറ്റപണികൾ ചെയ്ത് വാടകയ്ക്ക് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച 16.09.2021 ൽ നൽകിയ 19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മെയിന്റനൻസ് നടത്തി ലേലം ചെയ്തു നൽകുന്നതാണെന്ന വിവരം ബോധിപ്പിച്ചു കൊള്ളുന്നുവെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-19 പോസ്റ്റ് ഓഫീസ് വാടക രഹിതമായി പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പനച്ചമൂട് കാർഷിക വിപണന കേന്ദ്രത്തിലെ 6 നമ്പർ മുറിയിൽ പ്രവർത്തിക്കുന്ന പോസ്റ്റ് ഓഫീസിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ വാടക ഈടാക്കിയില്ല. കൂടാതെ തൻവർഷത്തെ പ്രതിമാസ വാടകയും നിശ്ചയിച്ചിട്ടില്ല.

ഇതിനു കാരണമാരാഞ്ഞ് 16.09.2021 ൽ 19 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത മുറി വളരെക്കാലമായി പോസ്റ്റ് ഓഫീസായി പ്രവർത്തിച്ചു വരുന്നുവെന്നും വാടക രഹിതമായി നൽകിയിട്ടുള്ള ഈ മുറിയിലെ വൈദ്യുതി കുടിവെള്ള ചാർജ്ജുകൾ പഞ്ചായത്ത് വഹിക്കുന്നില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

പഞ്ചായത്തിന് വാടകയിനത്തിൽ വരുമാനം ലഭിക്കാവുന്ന മുറി വർഷങ്ങളായി സൗജന്യമായി നൽകുന്നത് ഒട്ടും ആശാസ്യമല്ല. കൂടാതെ ഇതിനു നിദാനമായ പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളൊന്നും ഓഡിറ്റ് ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല. ഒന്നുകിൽ ഈ മുറി വാടക നിശ്ചയിച്ച് പോസ്റ്റ് ഓഫീസിനു തന്നെ നൽകുകയോ അല്ലെങ്കിൽ ആയത് വീണ്ടെടുത്ത് ലേല നടപടിയിലൂടെ മറ്റാർക്കെങ്കിലും വാടകയ്ക്ക് നൽകുകയോ ചെയ്യേണ്ടതാണ്.

## 1-20 കരാർപത്രം (എഗ്രിമെന്റ്) ചമച്ചിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടകയുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പഞ്ചായത്ത് വാടകക്കാരുമായി കരാറിലേർപ്പെട്ടിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇക്കാരണത്താൽ കരാർ പുതുക്കുവാനും കഴിഞ്ഞിട്ടില്ല. പനച്ചമൂട് കാർഷിക വിപണന കേന്ദ്രം, പനച്ചമൂട് ഷോപ്പിംഗ് കോംപ്ലക്സ്, പനച്ചമൂട് മാർക്കറ്റ്, വെള്ളറട ഷോപ്പിംഗ് കോംപ്ലക്സ് എന്നിവിടങ്ങളിലെ കടമുറികളുടെ വാടകക്കരാറാണ് നാളിതുവരെ ചമയ്ക്കുവാനോ പുതുക്കുവാനോ സാധിക്കാത്തത് അധികൃതരുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. എഗ്രിമെന്റ് വയ്ക്കാത്തപക്ഷമോ പുതുക്കാത്തപക്ഷമോ വാടക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ ആയത് ഈടാക്കുന്നതിന് നിയമപരമായി സാധിക്കുന്നതല്ല. കൂടാതെ മറ്റേതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാര തുകകളും ഈടാക്കുവാൻ കഴിയാത്ത അവസ്ഥയും സംജാതമാകും.

ഇതു സംബന്ധിച്ച് 16.09.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.19ന് ലഭ്യമാക്കിയ മറുപടിയിൽ വാടകക്കാരുമായി എല്ലാവർഷവും കരാർ വച്ച ശേഷമാണ് മുറികൾ വാടകയ്ക്കു നൽകാറുള്ളതെന്നും ആയത് പരിശോധനയ്ക്കായി സമർപ്പിക്കുന്നുവെന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓഡിറ്റിനു ഹാജരാക്കിയ കരാറുകൾ രേഖപ്പെടുത്തലുകളൊന്നും ഇല്ലാത്ത മുദ്രപ്പത്രങ്ങളായിരുന്നു. ഇത് കരാറായി അംഗീകരിക്കുവാൻ കഴിയില്ല എന്നു മാത്രമല്ല ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ നിരുത്തരവാദപരമായ നടപടിയാണെന്നു കൂടി വിലയിരുത്തുന്നു.

## 1-21 വാടക യഥാസമയം പിരിച്ചെടുത്തിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവയിലെ കടമുറികൾ 2019-20 സാമ്പത്തിക വർഷത്തേയ്ക്കു വാടകയ്ക്കു നൽകിയിരുന്നു. ഓഡിറ്റിനു ലഭ്യമാക്കിയ വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 സാമ്പത്തിക വർഷം ഇവയുടെ വാടക കൃത്യമായി പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. വാടക കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാടകക്കാരുടെ പേര് | സ്ഥാപനത്തിന്റെ പേര് | കടമുറി നമ്പർ | പ്രതിമാസ വാടക തുക (രൂപ) | മുടക്കം വരുത്തിയ കാലയളവ് |
|---|---|---|---|---|
| ശ്രീ. സക്കീർ ഹുസൈൻ | പനച്ചമൂട് കാർഷിക വിപണന കേന്ദ്രം | 07 | 890 | 08/2019 മുതൽ 03/2020 വരെ |
| ശ്രീ. മുഹമ്മദ് ഹസ്സൻ | പനച്ചമൂട് കാർഷിക വിപണന കേന്ദ്രം | 13 | 4988 | 10/2019 മുതൽ 03/2020 വരെ |
| ശ്രീ. ഹോജ മൊയ്ദീൻ | പനച്ചമൂട് കാർഷിക വിപണന കേന്ദ്രം | 14 | 3239 | 08/2019 മുതൽ 03/2020 വരെ |
| ശ്രീ. ഗോപി | പനച്ചമൂട് ഷോപ്പിംഗ് കോംപ്ലക്സ് | 39 | 1260 | 09/2019 മുതൽ 03/2020 വരെ |
| ശ്രീ. അബ്ദുൾ ഖാദർ | പനച്ചമൂട് ഷോപ്പിംഗ് കോംപ്ലക്സ് | 40 | 506 | 04/2019 മുതൽ 03/2020 വരെ |
| ശ്രീ. സിദ്ദിഖ് | പനച്ചമൂട് മാർക്കറ്റ് ഫിഷ് സ്റ്റാൾ | 46 | 704 | 04/2019 മുതൽ 03/2020 വരെ |
| ശ്രീ. എസ്. ഹംസ | പനച്ചമൂട് മാർക്കറ്റ് സ്റ്റാൾ | 48 | 2310 | 04/2019 മുതൽ 03/2020 വരെ |
| ശ്രീമതി. നദീറ ബീവി | പനച്ചമൂട് ഓപ്പൺ സ്റ്റാൾ | 453 | 453 | 04/2019 മുതൽ 03/2020 വരെ |
| മാനേജർ, മാവേലി സ്റ്റോർ | വെള്ളറട ഷോപ്പിംഗ് കോംപ്ലക്സ് | 737 | 737 | 04/2019 മുതൽ 03/2020 വരെ |
| പ്രസ് ക്ലബ് സെക്രട്ടറി | വെള്ളറട ഷോപ്പിംഗ് കോംപ്ലക്സ് | 572 | 572 | 04/2019 മുതൽ 03/2020 വരെ |

ഇതു സംബന്ധിച്ച് 16.09.2021 ൽ നൽകിയ 19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കടമുറികളുടെ വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാടക കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കി നഗരസഭയുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-22 കുളങ്ങൾ ലേലം ചെയ്തു നല്കിയിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുളങ്ങൾ മത്സ്യം വളർത്തുന്നതിനു വേണ്ടി 2019-20 സാമ്പത്തിക വർഷത്തേയ്ക്ക് ലേലം ചെയ്തു നല്കിയിട്ടില്ല. 20 കുളങ്ങളാണ് വിവിധ വാർഡുകളിലായി നിലവിലുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് | കുളത്തിന്റെ പേര് |
|---|---|---|
| 01 | ആറാട്ടുകുഴി | നൂലിയം കുളം |
| 02 | ആറാട്ടുകുഴി | ആറാട്ടുകുഴി കുളം |
| 03 | വെള്ളറട | ചിറത്തലയ്ക്കൽ കുളം |
| 04 | മാന്നൂർ | തുടക്കോട് കുളം |
| 05 | മാന്നൂർ | കാട്ടു കുളം |
| 06 | പൊന്നമ്പി | ഇരിഞ്ഞനംപള്ളി കുളം |
| 07 | കൃഷ്ണപുരം | പൊട്ടൻചിറ കുളം |
| 08 | കൃഷ്ണപുരം | വേങ്കോട് കുളം |
| 09 | വേങ്കോട് | വാഴവിളക്കുഴി കുളം |
| 10 | വേങ്കോട് | ആറുമണിക്കോണം കുളം |
| 11 | പഞ്ചാകുഴി | മുള്ളിലവുവിള കുളം |
| 12 | പഞ്ചാകുഴി | പങ്കിയാർ കുളം |
| 13 | പഞ്ചാകുഴി | പനയറക്കോണം കുളം |
| 14 | കരിക്കമൻകോട് | പാലോട്ടുകോണം കുളം |
| 15 | കരിക്കമൻകോട് | കോട്ടന്നൂർകോണം കുളം |
| 16 | മുണ്ടനാട് | പുലകിൽകോണം (പാലപ്പള്ളി) കുളം |
| 17 | മുണ്ടനാട് | ചാമവിള കുളം |
| 18 | പാട്ടംതലയ്ക്കൽ | കോട്ടിച്ചിറ കുളം |
| 19 | പാട്ടംതലയ്ക്കൽ | തെറ്റിയറ കുളം |
| 20 | പാട്ടംതലയ്ക്കൽ | അരുവാട്ടുകോണം കുളം |

ഇതു സംബന്ധിച്ച് 16.09.2021 ൽ 19 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് വക കുളങ്ങൾ ലേലം ചെയ്തു നൽകിയിട്ടില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽപറഞ്ഞവയിൽ മത്സ്യം വളർത്തുന്നതിന് അനുയോജ്യമായവ കണ്ടെത്തി മത്സ്യ കർഷകർക്ക് ആവശ്യമായ സഹായങ്ങൾ നൽകി, കുളങ്ങൾ കൃത്യമായി ലേലം ചെയ്തു കൊടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 ചിറത്തലക്കൽ കാർഷിക കുളത്തിൽ നിന്നും നീക്കം ചെയ്ത മണ്ണ് ലേലം ചെയ്തില്ല – പഞ്ചായത്തിന് വരുമാന നഷ്ടം

പ്രോജക്ട് നം. 228/20 പ്രകാരം ചിറത്തലക്കൽ കാർഷിക കുളം നവീകരണം എന്ന പ്രവൃത്തി 27,14,969/- രൂപ ചെലവഴിച്ച് നടത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ 10.3.2020 ൽ നൽകിയ റിപ്പോർട്ട് പ്രകാരം കുളത്തിൽ നിന്നും 5118 $M^3$ മണ്ണ് നീക്കം ചെയ്യാൻ ഉണ്ടെന്നും ഇതിന്റെ 40 ശതമാനം സംരക്ഷണ ഭിത്തിയുടെ വശങ്ങളിൽ നിറച്ചിട്ടുണ്ടെന്നും ബാക്കി 3071$m^3$ മണ്ണ് പുറത്ത് നിക്ഷേപിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നിലവിലുള്ള നിരക്ക് പരിശോധിച്ചതിൽ ഇത് ആകെ 4,60,650/- രൂപയുടെ മണ്ണ് ഉണ്ടെന്നും ഇത് ലേലം ചെയ്ത് വിൽക്കാനുള്ള നടപടി സ്വീകരിക്കണം എന്നും റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ മണ്ണ് ലേലം ചെയ്തതിന്റെ നിലവിലെ സ്ഥിതി അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/20.9.2021) ലഭ്യമാക്കിയ മറുപടിയിൽ 23.6.20, 22.7.20, 21.8.20 തീയതികളിൽ ലേലം ചെയ്യാൻ നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നെങ്കിലും ആരും പങ്കെടുത്തില്ല എന്നും കാലവർഷത്തിൽ കുറച്ച് മണ്ണ് നഷ്ടപ്പെട്ടു എന്നും ബാക്കിയുള്ള മണ്ണിന്റെ അളവ് എടുക്കാൻ എൽ.എസ്.ജി.ഡി. എഞ്ചിനീയറെ ചുമതലപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ലേല ഡയറിയിലോ ലേല രജിസ്റ്ററിലോ ഇത് സംബന്ധിച്ച യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ തന്നെ ലേലം നടന്നിട്ടില്ല എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

മാർച്ച് മാസത്തിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയർ റിപ്പോർട്ട് നൽകിയിരുന്നെങ്കിലും കാലവർഷത്തിന് മുമ്പായി ലേലനടപടികൾ സ്വീകരിക്കുകയോ ലേലം ചെയ്യുന്നത് വരെ മണ്ണ് സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തതുമാണ് മണ്ണ് നഷ്ടപ്പെടാനും അതുവഴി പഞ്ചായത്തിന് ലഭിക്കാനുള്ള വരുമാനം നഷ്ടപ്പെടാനും ഇടയാക്കിയത്.
ബാക്കിയുള്ള മണ്ണിന്റെ അളവ് എൽ.എസ്.ജി.ഡി. എഞ്ചിനീയർ എടുത്ത ശേഷം എത്ര രൂപയുടെ മണ്ണ് നഷ്ടപ്പെട്ടു എന്ന് തിട്ടപ്പെടുത്തി ബാക്കി മണ്ണ് ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. 2013-14 സാമ്പത്തിക വർഷം മുതലുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. ടവർ പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം കണക്കാക്കിയ തുകയാണ് മൊബൈൽ ടവർ കമ്പനികൾ നികുതിയായി പഞ്ചായത്തിൽ ഒടുക്കേണ്ടത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവറിന്റെ പേരും മേൽവിലാസവും | വാർഡ് നമ്പർ | കെട്ടിട നമ്പർ | നിർണ്ണയിച്ച വാർഷിക വസ്തുനികുതി നിരക്ക് | കുടിശ്ശിക തുക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| BSNL ടവർ, ചൂണ്ടിക്കൽ, വെള്ളറട പി ഒ | 08 | 740 | 4200 | 29400 | 2013-14 To 2019-20 |
| മോഹനകൃഷ്ണൻ. വി, പ്രിൻസിപ്പൽ ഫൈനാൻസ് ഓഫീസർ, കേരള സർക്കിൾ, ഭാരതി ടൗവ്വേഴ്സ്, കടവന്ത്ര, കൊച്ചി-20 | 10 | 340 | 6930 | 48510 | 2013-14 To 2019-20 |
| അസി. ജനറൽ മാനേജർ, (ആസൂത്രണം) പ്രിൻസിപ്പൽ ജനറൽ മാനേജരുടെ ഓഫീസ്, ഉപ്പളം റോഡ്, സ്റ്റാച്ച്യു, തിരുവനന്തപുരം | 11 | 304/A | 7560 | 52920 | 2013-14 To 2019-20 |
| അസി. ജനറൽ മാനേജർ, (ആസൂത്രണം) പ്രിൻസിപ്പൽ ജനറൽ മാനേജരുടെ ഓഫീസ്, ഉപ്പളം റോഡ്, സ്റ്റാച്ച്യു, തിരുവനന്തപുരം | 15 | 702/A | 7560 | 52920 | 2013-14 To 2019-20 |
| മോഹനകൃഷ്ണൻ. വി, പ്രിൻസിപ്പൽ ഫൈനാൻസ് ഓഫീസർ, കേരള സർക്കിൾ, ഭാരതി ടൗവ്വേഴ്സ്, കടവന്ത്ര, കൊച്ചി-20 | 15 | 833 | 3360 | 23520 | 2013-14 To 2019-20 |

ഇതു സംബന്ധിച്ച് 14.09.2021 ൽ നൽകിയ 05 നമ്പർ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ റവന്യൂ റിക്കവറി ഡിമാന്റ് നോട്ടീസുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ട നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-25 കോർപ്പറേറ്റീവ് റെസ്പോൺസിബിലിറ്റി ഫണ്ട് ഉപയോഗിക്കണം.

**ക്വാറികളുടെ പ്രവർത്തനം - സി.എസ്.ആർ.ഫണ്ട് വിനിയോഗിക്കണം.**

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 3 ക്വാറികൾക്ക് പ്രവർത്താനമതി നൽകിയിട്ടുണ്ട്. ക്വാറികൾക്ക് ജില്ലാ പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി നൽകുന്ന അനുമതി പത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം Corperate Social Responsibility (CSR) രൂപീകരിക്കേണ്ടതാണെന്നും ആയത് പ്രകാരം പ്രതിവർഷം നിശ്ചിത തുക പദ്ധതി പ്രദേശത്തിന് സമീപം താമസിക്കുന്ന ജനങ്ങളുടെ ക്ഷേമത്തിനായി നീക്കിവയ്ക്കണമെന്നും, അത്തരം പ്രവർത്തനങ്ങളുടെ വിവരങ്ങൾ ജില്ലാ പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ പരിശോധനയ്ക്ക് അയച്ചുനൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 2019-20 സാമ്പത്തിക വർഷത്തിൽ പ്രവർത്തന അനുവാദം നൽകിയ ക്വാറികളുടെ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനം/ക്വാറിയുടെ പേര് | ഉടമസ്ഥന്റെ പേര് | സ്ഥാപനം/ക്വാറി പ്രദേശത്തിന്റെ വിസ്തീർണം. |
|---|---|---|---|
| 1. | ട്രാവൻകൂർ റെഡിമിക്സ് പ്രൈവറ്റ് ലിമിറ്റഡ് | ശ്രീ.വി.സുധാകരൻ | 3.67ഹെക്ടർ |
| 2 | ഗ്രേസ് അഗ്രിഗേറ്റ്സ് ഇന്ത്യ ലിമിറ്റഡ് (ക്വാറി) | ശ്രീ.എസ്.എം.രാജീവ് | 2.98 ഹെക്ടർ |
| 3 | സെഞ്ചുർ ഗ്രാനൈറ്റ്സ് (ക്വാറി) | ശ്രീ.സൌന്തർ രാജൻ | 1.84 ഹെക്ടർ |
| 4 | ക്വാറി | ശ്രീ.മണികണ്ഠൻ | 1.11ഹെക്ടർ |

മേൽ വിവരിച്ച സ്ഥാപനം/ക്വാറികൾ സി.എസ്.ആർ. പ്രകാരമുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് ആരാഞ്ഞ് നൽകിയ അന്വേഷണകുറിപ്പ് 1/21-ന് നൽകിയ മറുപടിയിൽ അത്തരം പ്രവർത്തനം നടപ്പിലാക്കിയിട്ടില്ലയെന്ന് അറിയിച്ചു. സി.എസ്.ആർ. പ്രകാരമുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കാൻ ആവശ്യമായ നടപടി ഭരണതലത്തിൽ സ്വീകരിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്.

## 1-26 ദുരിതാശ്വാസ നിധി നിർജീവം

**ദുരിതാശ്വാസ നിധി നിർജീവം -പ്രവർത്തനം വിപുലമാക്കേണ്ടതാണ്.**

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം പേമാരി, വെള്ളപ്പൊക്കം, മാറാരോഗങ്ങൾ തുടങ്ങിയവയ്ക്ക് വിധേയരാവുന്നവർക്ക് അടിയന്തര ധനസഹായം നൽകുന്നതിന് ഓരോ ഗ്രാമപഞ്ചായത്തും ഓരോ പ്രമേയം മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാടിസ്ഥമുള്ള കലാ-കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവ്- ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും, ലഭിക്കുന്ന സംഭാവനകൾക്ക് അച്ചടിച്ച ഫാറത്തിലുള്ള രസീതുകൾ നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടിണ്ടോയെന്ന എന്ന വിവരം ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണകുറിപ്പ് 1/2021-ന് നൽകിയ മറുപടിയിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെന്നും 2018-ൽ ലഭിച്ച 2750/-രൂപ പ്രത്യേക അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്നും 2020 മാർച്ച് 31 വരെ 3388/-രൂപ നീക്കി ബാക്കിയുണ്ടെന്നും, എന്നാൽ ആർക്കും തന്നെ സഹായധനം നൽകിയിട്ടില്ലായെന്നും അറിയിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന നിർദ്ധനരായ ജനങ്ങൾക്ക് ദുരിതകാലത്ത് കൈതാങ്ങായി മാറുന്ന ദുരിതാശ്വാസനിധിയിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചും മറ്റ് മാർഗങ്ങൾ വഴിയും ധന സമാഹരണം നടത്തി ഏറ്റവും അർഹർക്ക് വേണ്ടസമയത്ത് ധനസഹായം എത്തിക്കാൻ ഭരണസമിതി ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്. ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പനച്ചമൂട് ചന്തയുടെ ആധുനികവൽക്കരണം-നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചില്ല

വെള്ളറട ഗ്രാമപഞ്ചായത്തിലെ പനച്ചമൂട്ടിൽ സ്ഥിതി ചെയ്യുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള മാർക്കറ്റിന്റെ ആധുനികവൽക്കരണം കിഫ്ബിയിൽ ഉൾപ്പെടുത്തി നടത്താനും ഇതിന്റെ ആദ്യപടിയായി 5.50 കോടി അനുവദിച്ച് സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള കച്ചവടക്കാർക്ക് ബദൽ സംവിധാനം ഒരുക്കാനും, പദ്ധതിപ്രദേശം കിഫ്ബിക്ക്

വിട്ടുകൊടുക്കാനം 24.12.2019-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തതായി കാണുന്നു. ഇത് സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികളെക്കുറിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം-40/19-20 തീ-25.09.21) സെക്രട്ടറി നൽകിയ മറുപടിയിൽ പദ്ധതിപ്രദേശം കിഫ്‌ബിയ്ക്ക് വിട്ടുകൊടുക്കുന്നതിന്റെ ഭാഗമായി പഴയകെട്ടിടങ്ങൾ പൊളിച്ചുനീക്കുന്നതിന് ലേലം ചെയ്ത് നൽകിയിട്ടുണ്ടെന്നും ആയത് പൂർത്തീയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 24.12.2019-ൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തുവെങ്കിലും നാളിതുവരെ പദ്ധതിപ്രദേശം കിഫ്‌ബിയ്ക്ക് കൈമാറാൻ കഴിഞ്ഞിട്ടില്ല. പദ്ധതി വൈകാനോ നഷ്ടപ്പെടാനോ ഇടയാകാതിരിക്കുന്നതിനായി ഭരണസമിതി സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 പൂവൻക്കുഴി അംഗൻവാടിയിൽ വൈദ്യുതി ബന്ധം പുനസ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല

വെള്ളറട പഞ്ചായത്തിലെ കോവില്ലൂർ വാർഡിലെ 79-ാം നമ്പർ പൂവൻക്കുഴി അംഗൻവാടിയിലെ വൈദ്യുതിചാർജ്ജ് 47073/- രൂപ കുടിശ്ശിക ആയതിനെ തുടർന്ന് 2015-ൽ കെ.എസ്.ഇ.ബി അധികൃതർ കണക്ഷൻ വിച്ഛേദിച്ചത് നാളിതുവരെ പുനസ്ഥാപിച്ചിട്ടില്ല. 3 ലൈറ്റും 2 ഫാനും മാത്രമുള്ള ടി അംഗൻവാടിയിൽ ഇത്രയും വലിയ തുക വൈദ്യുതിചാർജ്ജിനത്തിൽ കുടിശ്ശിക വരാൻ കാരണം സാങ്കേതികതകരാറായിരിക്കുമെന്ന അനുമാനത്തിൽ കുടിശികബില്ല് കുറവ് ചെയ്യാനും വൈദ്യുതി കണക്ഷൻ പുനസ്ഥാപിക്കാനും കെ.എസ്.ഇ.ബി-യോട് ആവശ്യപ്പെടാൻ 07.05.2019-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായികാണുന്നു. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളെക്കുറിച്ച് 25.09.21-ന് നൽകിയ 40/19-20 ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ കെ.എസ്.ഇ.ബി -യ്ക്ക് ഇത് സംബന്ധിച്ച് കത്ത് നൽകിയതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 2015 മുതൽ വൈദ്യുതി വിച്ഛേദിച്ചിക്കപ്പെട്ട അംഗൻവാടിയിൽ കുട്ടികൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്ന് പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ വൈദ്യുതി ബന്ധം പുനസ്ഥാപിക്കാൻ കഴിയാത്തത് പഞ്ചായത്ത് അധികൃതരുടെ വീഴ്ചയായി കാണുന്നു. അടിയന്തിര നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-29 ആസ്തി സംരക്ഷണ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

പദ്ധതി മാർഗരേഖ (സ.ഉ.(കൈ)നം.11/2018/തസ്വഭവ തീയതി 29.1.2018 ഖണ്ഡിക 6.7) പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തകളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/17.9.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളുടെ കാര്യക്ഷമമായ സംരക്ഷണത്തിനും അവ സുതാര്യമായി കയ്യൊഴിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിവരിക്കുന്ന അസറ്റ് മാനേജ്മെന്റ് മാന്വൽ, സ.ഉ.(ആർടി) നം.166/17/തസ്വഭവ തീയതി പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 08.11.2018- ലെ പഞ്ചായത്ത് ഡയറക്ടറുടെ സി 2-15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ കൺവീനറും, പ്രസിഡന്റ് / വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ അത്തരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ മിനിറ്റ്സ് പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/17.9.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടില്ലെങ്കിൽ അടിയന്തിരമായി കമ്മിറ്റി രൂപീകരിക്കേണ്ടതും പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതുമാണ്.

## 1-30 ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

ഗുണഭോക്തൃ സമിതി മുഖേന 2019-20 ൽ നിർവ്വഹണം നടത്തിയ പ്രവൃത്തിയിൽ സർക്കുലർ നമ്പർ 1/1559/2010/സി.ഇ./ ത.സ്വ.ഭ.വ. തീയതി 13.11.2014 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 ഖണ്ഡിക 11.2 (എ) പ്രകാരം 50000/- രൂപയും അതിന് താഴെയും എസ്റ്റിമേറ്റ് തുകയുമുള്ള പ്രവൃത്തികൾ മാത്രം ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കാവുന്നതാണ്. എന്നാൽ ഖ.11.3.(ബി) പ്രകാരം സ്വന്തം നിലയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ വേണ്ട സാമ്പത്തിക, സാങ്കേതിക, സംഘടനാ ശേഷിയും സന്നദ്ധതയുമുള്ള അദ്ധ്യാപക രക്ഷാകർത്ത് സമിതികളേയും അംഗൻവാടി ക്ഷേമ സമിതികളേയും ബന്ധപ്പെട്ട സ്കൂളിന്റെ അംഗൻവാടിയുടെ 50,000/- ന് മുകളിൽ ഉള്ള നിർമാണ പ്രവൃത്തി ടെണ്ടർ കൂടാതെ ഗുണഭോക്തൃ സമിതിക്ക് ബാധകമായ നിബന്ധനകൾ പ്രകാരം നിർവഹണം ഏൽപ്പിക്കാവുന്നതാണ്.

| പ്രോജക്ട് നം. | നിർവഹണം | ബിൽ നം. | ചെലവ് |
|---|---|---|---|
| 145/20 | അദ്ധ്യാപക | 56/29.11.19 | 3,14,272 |

| | | | |
|---|---|---|---|
| | രക്ഷാകൃത്ത് സമിതി | | |
| 280/20 | അദ്ധ്യാപക രക്ഷാകൃത്ത് സമിതി | 2887114/19.7.19 | 9,96,280 |
| 275/20 | അംഗൻവാടി ക്ഷേമ സമിതി | | 1,95,601 |

എന്നാൽ മേൽ പദ്ധതികളുടെ ഗുണഭോക്തൃ സമിതികൾ ആ സമയത്തെ അദ്ധ്യാപക രക്ഷാകൃത്ത് സമിതി / അംഗൻവാടി ക്ഷേമ സമിതിയാണ് എന്നതിനും ഈ സമിതിക്ക് സ്വന്തം നിലയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ വേണ്ട സാമ്പത്തിക, സാങ്കേതിക, സംഘടനാ ശേഷിയും ഉണ്ടെന്നതിന് യാതൊരു രേഖയും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/16.9.2021) ലഭ്യമാക്കിയ മറുപടിയിൽ മാർഗരേഖയിൽ പറയാത്തതിനാലാണ് ഫയലിൽ സൂക്ഷിക്കാത്തത് എന്നാണ് അറിയിച്ചത്. ഭാവിയിൽ 50,000/- ന് മുകളിൽ ഉള്ള നിർമാണ പ്രവൃത്തികൾ ഏൽപ്പിക്കുമ്പോൾ അദ്ധ്യാപക രക്ഷാകർതൃ സമിതി / അംഗൻവാടി ക്ഷേമ സമിതിയാണെന്നും സാമ്പത്തിക, സാങ്കേതിക, സംഘടനാ ശേഷി ഉണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

**മറ്റ് അപാകതകൾ**

1. ഗുണഭോക്തൃ സമിതി രൂപീകരിച്ച യോഗത്തിന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ല. (പ്രോജക്റ്റ് നം. 145/20, 213/20, 212/20)
2. ഗുണഭോക്തൃസമിതിയുടെ കണക്കുകൾ യോഗം ചേർന്ന് അംഗീകരിച്ചിട്ടില്ല. (പ്രോജക്റ്റ് നം. 213/20)
3. മിക്ക ഗുണഭോക്തൃസമിതികളിലും മേൽ സർക്കുലർ പ്രകാരമുള്ള വനിതാ പ്രാതിനിധ്യമില്ല
4. കൺവീനറുടെ വരവ് - ചെലവ് കണക്ക് പുസ്തകം, ദൈനം ദിന ജോലി ഡയറി എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. (പ്രോജക്റ്റ് നം. 145/20, 213/20, 280/20, 275/20, 212/20)
5. പ്രവൃത്തികൾക്കായി വാങ്ങിയിട്ടുള്ള സാധനങ്ങളുടെ ചെലവ് ബിൽ/വൗചറുകൾ, മസ്റ്റർ റോളുകൾ എന്നിവ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഇവ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. (പ്രോജക്റ്റ് നം. 145/20, 213/20, 280/20, 212/20, 275/20).

ഗുണഭോക്തൃ സമിതി മുഖേന മരാമത്ത് പ്രവൃത്തികൾ നിർവ്വഹണം നടത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-31 കരാറുടമ്പടി വയ്ക്കാൻ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി.01/02/2012 സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ച അറിയിപ്പ് ലഭിച്ച് 14 ദിവസത്തിനകം കരാറുകാരൻ നിർവഹണ ഉദ്യോഗസ്ഥനുമായി കരാറുടമ്പടി വയ്ക്കേണ്ടതാണ്. ഇതിന് വീഴ്ച വരുത്തുന്ന പക്ഷം കരാർ തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനകം കരാർ വയ്ക്കാവുന്നതാണ്. എന്നാൽ ചുവടെ കാണിച്ച പ്രവൃത്തികളുടെ കരാർ അംഗീകരിച്ച അറിയിപ്പ് ലഭിച്ചിട്ടും കരാർ ഒപ്പ് വക്കുന്നതിന് കാലതാമസം വന്നിട്ടുണ്ടെങ്കിലും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

| പ്രോജക്റ്റ് നം | സെലക്ഷൻ നോട്ടീസ് അയച്ച തീയതി | കരാർ ഒപ്പ് വച്ചത് | കരാർ തുക | ഈടാക്കേണ്ട പിഴ |
|---|---|---|---|---|
| 225/20 | 16.7.18 | 16.8.18 | 5,42,192 | 5,421 |
| 227/20 | 13.9.18 | 5.10.18 | 5,76,299 | 5,763 |
| 258/20 | 9.7.18 | 28.7.18 | 7,99,219 | 7,992 |
| 226/20 | 16.7.18 | 16.8.18 | 5,03,819 | 5,038 |
| 223/20 | 13.9.18 | 10.10.18 | 4,38,207 | 4,382 |
| 215/20 | 30.11.18 | 31.12.18 | 1,29,969 | 1,300 |
| 255/20 | 13.9.18 | 10.10.18 | 4,73,605 | 4,736 |
| | | | | 34,632 |

നിശ്ചിത സമയപരിധിക്കുള്ളിൽ കരാറുടമ്പടി വയ്ക്കാതിരുന്നതിനാൽ നിയമാനുസൃതമായ പിഴ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/16.9.2021,28/18.9.2021) ലഭ്യമാക്കിയ മറുപടിയിൽ മേൽ കരാറുകാരിൽ നിന്ന് പിഴ ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ കരാറുകാരിൽ നിന്ന് പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-32 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

2019-20 ൽ നിർവ്വഹണം നടത്തിയ ചുവടെ കാണിച്ച പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തി

പൂർത്തീകരിക്കാതിരുന്നതിന് നിയമാനുസൃതമായ ഫൈൻ ഈടാക്കിയിട്ടില്ല. ജി.ഒ(പി)13/2012/പി.ഡബ്ല്യുഡി/ തീയതി 01.02.2012, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ എന്നിവ പ്രകാരം കരാറുകാരൻ യഥാസമയം പ്രവത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കാൻ താമസിച്ച ചുവടെ കാണിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. പൂർത്തിയാക്കാൻ കാലതാമസം വന്ന പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | കരാർ ഒപ്പ് വച്ചത് | സൈറ്റ് കൈമാറിയത് | പ്രവൃത്തി പൂർത്തിയായത് | കാലാവധി | കാലതാമസം | എം ബുക്ക് | കരാർ തുക | പിഴ |
|---|---|---|---|---|---|---|---|---|
| 220/20 | 23.7.18 | 23.7.18 | 20.2.19 | 120 ദിവസം | 2 മാസം 17 ദിവസം | 466/18-19 | 2,48,877 | 2,489 |
| 226/20 | 16.8.18 | 16.8.18 | 20.4.19 | 120 ദിവസം | 3 മാസം 10 ദിവസം | 655/18-19 | 5,03,819 | 15,115 |
| 224/20 | 26.7.18 | 26.7.18 | 23.2.19 | 120 ദിവസം | 2 മാസം 7 ദിവസം | 465/18-19 | 2,99,925 | 2,999 |
| 228/20 | 18.12.18 | 18.12.18 | 6.6.19 | 120 ദിവസം | 18 ദിവസം | 582/18-19 | 27,00,454 | 27,004 |
| 255/20 | 10.10.18 | 10.10.18 | 28.4.19 | 120 ദിവസം | 1 മാസം 10 ദിവസം | 669/18-19 | 4,73,605 | 4,736 |
| 252/20 | 7.12.18 | 7.12.18 | 15.7.19 | 120 ദിവസം | 2 മാസം 16 ദിവസം | 690/18-19 | 5,60,341 | 5,603 |
| | | | | | | | | 57,946 |

കരാറുകാർ യഥാസമയം പ്രവൃത്തി പൂർത്തിയാക്കുന്നുണ്ടോ എന്നും പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ നിയമപരമായ നടപടിക്രമങ്ങൾ പാലിക്കുകയും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ടോ എന്ന് നിർവഹണ ഉദ്യോഗസ്ഥനും സ്റ്റാന്റിങ്ങ് കമ്മിറ്റിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/16.9.2021, 27/18.9.2021) നൽകിയ മറുപടിയിൽ കരാറുകാരിൽ നിന്ന് പിഴ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കരാറുകാരിൽ നിന്ന് പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-33 മരാമത്ത് പ്രവൃത്തി - നിർവഹണ ഉദ്യോഗസ്ഥൻ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

വെള്ളറട ഷോപ്പിംഗ് കോംപ്ലക്സ് പുനരുദ്ധാരണത്തിനായി തനത് ഫണ്ടിൽ നിന്നും 5,00,000/-രൂപ വകയിരുത്തിയ പദ്ധതിയാണിത്. 120 ദിവസം കാലാവധിയുള്ള ഈ പ്രവൃത്തി 10.10.18 ന് കരാർ ഒപ്പ് വച്ചിരുന്നുവെങ്കിലും 28.4.19 നാണ് പൂർത്തിയായത്. ഇത് സംബന്ധിച്ചുള്ള അപാകതകൾ ചുവടെ കാണിക്കുന്നു.

1. കരാർ പ്രകാരം 120 ദിവസം കൊണ്ട് പൂർത്തിയാക്കേണ്ട പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം വന്നിട്ടുണ്ട്. ജി.ഒ(പി)13/2012/പി.ഡബ്ല്യുഡി/ തീയതി 01.02.2012 പ്രകാരം കാലാവധി തീരുന്നതിന് മുൻപ് കാലാവധി ദീർഘിപ്പിക്കാനുള്ള അപേക്ഷ നൽകേണ്ടതാണ്. എന്നാൽ അപേക്ഷ നൽകുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല.

2. പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം വന്നതിന് പിഴ ഈടാക്കിയിട്ടില്ല.

3. 28.4.19 ന് പൂർത്തിയായ വർക്ക് ചെക്ക് മെഷർ ചെയ്തത് 9.8.19.

4. 28.4.19 ന് പൂർത്തിയായ വർക്കിന്റെ സപ്ലിമെന്ററി കരാർ 22.8.19 നാണ് തയ്യാറാക്കിയത്. പണി പൂർത്തിയായി നാല് മാസം കഴിഞ്ഞാണ് ചെക്ക് മെഷർ ചെയ്തതും സപ്ലിമെന്ററി കരാർ വച്ചതും. പ്രവൃത്തി പൂർത്തിയായതിനുശേഷം സപ്ലിമെന്ററി കരാർ ചമച്ചതും മറ്റ് അപാകതകളും സംബന്ധിച്ച് വിശദീകരണങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(25/18.9.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി നിർവഹണത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ വേണ്ട ശ്രദ്ധ പുലർത്താത്തതാണ് കാരണം എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഇക്കാര്യം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-34 ലൈഫ് ഭവനം പുറമ്പോക്ക് ഭൂമിയിൽ പണിതു.

**ലൈഫ് ഭവനം പുറമ്പോക്ക് ഭൂമിയിൽ നിർമ്മിച്ചു.-നിയമാനുസൃതം നടപടികൾ സ്ഥീകരിച്ചില്ല.**

ലൈഫ് ഗുണഭോക്താവായ ശ്രീമതി.ബേബിയ്ക്ക് റീസർവ്വെ 445/1-ൽ വീട് പണിയുന്നതിനായി 5-5-2018-ൽ A4-4758/18 നമ്പരായി പെർമിറ്റ് നൽകി. എന്നാൽ ശ്രീ.പി.ദിഡർ എന്നയാൾ മേൽ പെർമിറ്റ് ഉപയോഗിച്ച് റോഡ് പുറമ്പോക്കിലാണ് ശ്രീമതി.ബേബി വീട് പണിയുന്നതെന്ന് കാണിച്ച് **7-1-2019-ൽ** പരാതി നൽകി. ഇപ്രകാരം പുറമ്പോക്കിലാണ് വീട് പണിയുന്നതെന്ന് പരാതി ലഭിച്ചിട്ടും 10-1-19 ൽ രണ്ടാംഗഡുവായി 160000/-രൂപയും,1-8-2019-ൽ മൂന്നാം ഗഡുവായി 100000/-രൂപയും, 21-12-19- ൽ നാലാം ഗഡുവായി 60000/-രൂപയും പഞ്ചായത്ത് നൽകി. മേൽ പരാതി പ്രകാരം ഗ്രാമപഞ്ചായത്ത് നൽകിയ **23/3/2019-ലെ B-5-2107/19** നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ബേബി ലൈഫ് വീട് പെർമിറ്റ് പ്രകാരം അനുവാദം ലഭിച്ച റീസർവ്വെ 445/1-ൽ ഉൾപ്പെട്ട ഭൂമിയിലല്ല പണിയുന്നതെന്നും, റീസർവ്വെ 436/10-ൽ ഉൾപ്പെട്ട റോഡ് പുറമ്പോക്കിലാണ് പണിയുന്നതെന്നും റവന്യൂ അധികാരിയിൽ നിന്നും 18-1-2020-ൽ G-8-4830/19 നമ്പരായി റിപ്പോർട്ട് ലഭിച്ചു.

**പരാതി ലഭിച്ചിട്ടും തുക അനുവദിച്ചു.**

പുറമ്പോക്കിലാണ് ഭവനം പണിയുന്നതെന്ന പരാതിയായതിനാൻ റവന്യൂ വകുപ്പിന്റെ റിപ്പോർട്ട് ലഭിക്കുന്നതുവരെ തുക അനുവദിക്കുന്നത് നിർത്തിവയ്ക്കാതെ സെക്ഷൻ ക്ലർക്കിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതി അവഗണിച്ച് തുക നൽകി. പരാതി രേഖാമൂലം ലഭിച്ചിട്ടും ആയത് പരിശോധിച്ച് നിജസ്ഥിതി ഉറപ്പുവരുത്തുന്നതുവരെ ധനസഹായം നൽകുന്നതു മരവിപ്പിക്കുന്നതിന് പകരം ബാക്കിതുക നൽകുന്നതിന് പഞ്ചായത്ത് നടപടി സ്ഥീകരിച്ചു. ടി പെർമിറ്റ് ഉപയോഗിച്ച് റോഡ് പുറമ്പോക്കിലാണ് വീട് പണിയുന്നതെന്ന് കാണിച്ച് **7-1-2019-ൽ** പരാതി ലഭിച്ചിട്ടും പരാതിയുടെ നിജസ്ഥിതി അന്വേഷിക്കുന്നതിന് റവന്യൂ വകുപ്പിന് കത്ത് നൽകിയത് **23/3/2019-ൽ** ആണ്. പരാതി പ്രകാരം വസ്തു അളക്കുന്നതിനായി റവന്യൂ അധികാരിയ്ക്ക് **23/3/2019-ൽ** കത്ത് നൽകിയെങ്കിലും റിപ്പോർട്ട് ലഭിക്കുന്നതിന് മുമ്പ് ധനസഹായം അനുവദിച്ചു. ലൈഫ് വീട് റീസർവ്വെ 436/10-ൽ ഉൾപ്പെട്ട റോഡ് പുറമ്പോക്കിലാണ് പണിയുന്നതെന്ന് റവന്യൂ അധികാരിയിൽ നിന്നും **18-1-2020-ൽ** G-8-4830/19നമ്പരായി റിപ്പോർട്ട് ലഭിച്ചിട്ടും, ടിയാൾക്കുള്ള ബാക്കി ധനസഹായം നിർത്തിവയ്ക്കാൻ വി.ഇ.ഒ-യ്ക്ക് നിർദ്ദേശം നൽകിയത് **24-7-2020-ൽ** മാത്രമാണ്. ഇപ്രകാരം നിർദ്ദേശം നൽകാൻ കാലതാമസം സംഭവിച്ചതിനുള്ള വിശദീകരണം ലഭ്യമാക്കാനും, ഭവനം പൂർത്തിയാക്കിയെങ്കിൽ കെട്ടിടനമ്പർ നൽകിയിട്ടുണ്ടോയെന്നും, അനധികൃത കൈയേറ്റം ഒഴിപ്പിക്കാനുള്ള നടപടി സ്വീകരിക്കാൻ റവന്യൂ ഡിവിഷണൽ ആഫീസറുടെ നിർദ്ദേശാനുസരണം 18-1-2020-ലെ കത്ത് പ്രകാരം നെയ്യാറ്റിൻകര തഹസീൽദാർ ആവശ്യപ്പെട്ടതിൻ പ്രകാരം (Kerala Land Conservancy Act-1957പ്രകാരം) പഞ്ചായത്ത് സ്വീകരിച്ച നടപടികൾ എന്നിവ ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 9/21-ന് പഞ്ചായത്ത് നൽകിയ മറുപടിയിൽ ലൈഫ് ഭവനം പൂർത്തീകരിച്ചയായും ഗുണഭോക്താവായ ബേബി താമസം തുടങ്ങിയതായും, എന്നാൽ കെട്ടിടത്തിന് നമ്പർ നൽകിയിട്ടില്ലായെന്നും മറുപടി ലഭ്യമാക്കി. കൂടാതെ 11-8-2020-ൽ ADP-TVM/447/2020-B2 ഫയൽ പ്രകാരം പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ തുടക്കത്തിൽ തന്നെ പരാതി ലഭിച്ചിട്ടും ശരിയായ രീതിയിൽ പരിശോധന നടത്താതെ കെട്ടിട നിർമ്മാണത്തിന് ഗഡുക്കൾ അനുവദിച്ചതിനുള്ള വിശദീകരണം 3 ദിവസത്തിനകം നൽകാനും ആവശ്യപ്പെട്ടിട്ടുണ്ട്.

**ഗുണഭോക്താവ് ലൈഫ് കരാറിന് വിരുദ്ധമായി പ്രവർത്തിച്ചു.**

ഗുണഭോക്താവായ ശ്രീമതി.ബേബി ഭവനനിർമ്മാണത്തിനായി റീസർവ്വെ 445/1-ലെ വസ്തുവിന്റെ കൈവശരേഖയും മറ്റ് റവന്യൂ രേഖകളും ഹാജരാക്കി കെട്ടിട പെർമിറ്റ് നേടുകയും മേൽ വസ്തുവിന് ചേർന്ന് സ്ഥിതിചെയ്യുന്ന റോഡ് പുറമ്പോക്കിൽ ലൈഫ് പദ്ധതിപ്രകാരം ലഭിച്ച വീട് നിർമ്മിക്കുകയും ചെയ്തു. എന്നാൽ പഞ്ചായത്ത് നൽകിയ പെർമിറ്റിൽ നിന്നും വ്യതിചലിച്ച് റോഡ് പുറമ്പോക്ക് കൈയേറി ഭവനം നിർമിച്ചതിനാൽ ലൈഫ് കരാറിന് വിരുദ്ധമായോ, തെറ്റിധരിപ്പിച്ച് ധനസഹായം കൈപ്പറ്റികയോ ചെയ്താൽ, കൈപ്പറ്റിയ തുകയും 12% പലിശയും തിരികെ നൽകാമെന്ന് ഗുണഭോക്താവ് കരാർ പ്രകാരം സമ്മതിച്ചിട്ടുള്ളതിനാൽ തുക തിരികെ ഈടാക്കാൻ പഞ്ചായത്തിന് നടപടി സ്വീകരിക്കാവുന്നതാണ്.

**തെറ്റായ സൈറ്റ് പ്ലാൻ അംഗീകരിച്ച് നൽകി.**

ഗുണഭോക്താവായ ബേബിയ്ക്ക് അവകാശം കിട്ടിയ 1355/2007നമ്പർ ധനനിശ്ചാധാരത്തിൽ വിവരിക്കുന്ന റീസർവ്വെ 445/1-ലെ വസ്തുവിന്റെ രണ്ട് വശത്തും (എല്ലക) ആറടി(ചെറിയ റോഡ്)ഉണ്ടെന്ന് വിവരിച്ചിട്ടുണ്ട്. എന്നാൽ ടിയാൾ കെട്ടിടപെർമിറ്റിനായി ഹാജരാക്കിയ പെർമിറ്റ് പ്ലാനിൽ വസ്തുവിന്റെ എല്ലകയിൽ ആറടികൾ രേഖപ്പെടുത്തിയിട്ടില്ല. ഇത്തരം അപാകതയുള്ള പ്ലാൻ സ്ഥലപരിശോധനയില്ലാതെയും വസ്തുവിന്റെ ആധാരം പരിശോധിക്കാതെയും എൻജിനിയറിംഗ് വിഭാഗം അപ്രൂവ് ചെയ്ത് നൽകിയിരിക്കുന്നു. എല്ലാപേർക്കും ഭവനം എന്ന സ്വപ്നം പൂർത്തീകരിക്കുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന ലൈഫ് ഭവന പദ്ധതിയ്ക്ക് ലഭിക്കുന്ന അപേക്ഷകൾ നിയമാനുസൃതം പരിശോധിച്ച് അംഗീകാരം നൽകി ഭവനങ്ങൾ പൂർത്തികരിപ്പിക്കേണ്ടതിന്റെ ഉത്തരവാദിത്വം തദ്ദേശ സ്ഥാപനത്തിന്റെ ചുമലതയാണെന്നും, അല്ലാത്തപക്ഷം ഗുണഭോക്താക്കൾക്ക് ഭവനങ്ങൾ നഷ്ടപ്പെടാനും അത് വഴി തദ്ദേശ സ്ഥാപനത്തിന് ധനനഷ്ടം സംഭവിക്കാനും സാധ്യതയുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. മേൽ വിഷയത്തിൽ അനധികൃത കൈയേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ ലൈഫ് പദ്ധതി പ്രകാരം നൽകിയ തുകയുടെ ക്രമീകരിണവും തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-35 ലൈഫ് ഭവനപദ്ധതി-അനർഹമായി തുക കൈപ്പറ്റിയവരിൽനിന്നും തുക ഈടാക്കിയില്ല

16.10.2019-ലെ പഞ്ചായത്ത് കമ്മിറ്റി അജണ്ട( 18) തീരുമാനം 1 പ്രകാരം ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം 2010-11-

ൽ സഹായം ലഭിച്ച വിവരംമറച്ച് വച്ച് 2018-19-ൽ ലൈഫ് ഭവന പദ്ധതി പ്രകാരം 2 ലക്ഷം രൂപ കൈപ്പറ്റിയ കാക്കളുക്കി വാർഡിലെ ശ്രീമതി സരസ്വതി എന്ന വ്യക്തിയിൽ നിന്നും ടി തുക 12% പലിശ ഉൾപ്പെടെ ഈടാക്കാൻ തീരുമാനിച്ചതായി കാണുന്നു. ഇതേ പദ്ധതിയിൽ 40000/- രൂപ കൈപ്പറ്റിയ കരിയ്ക്കാമൻകോട് വാർഡിലെ ശ്രീമതി.മേരി എന്ന വ്യക്തിയ്ക്ക്, ടിയാളുടെ റേഷൻകാർഡിൽ ഉൾപ്പെട്ട മകൻ 1000 ചതുരശ്രഅടിയിൽ കൂടുതൽ വലിപ്പമുള്ള വീട് തൊട്ടടുത്തായി നിർമ്മിക്കുന്നതായി നേരിട്ട് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാരി കൈപ്പറ്റിയതുക 12% പലിശ ഉൾപ്പെടെ ഈടാക്കാനും പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതായി കാണുന്നു. ഇത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികളെക്കുറിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന്( ഓഡിറ്റ് അന്വേഷണം നം-40/19-20 തീ-25.09.21) ശ്രീമതി.സരസ്വതിയിൽ നിന്നും ടി തുക ഈടാക്കാൻ നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ 10.09.21-ന് നോട്ടീസ് നൽകിയിരുന്നുവെന്നും കോവിഡ് പശ്ചാത്തലത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ലായെന്നും, ശ്രീമതി മേരി എന്നയാൾ അനർഹമായി കൈപ്പറ്റിയതുക രണ്ട് ദിവസത്തിനുള്ളിൽ അടയ്ക്കുമെന്ന് വി.ഇ.ഒ അറിയിച്ചതായും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അനർഹമായി കൈപ്പറ്റിയതുക ഈടാക്കുകയും ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-36 ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കിയില്ല- തുക 1500000/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പശു വളർത്തൽ (വനിത) |
| പ്രോജക്ട് നം | 2/20 |
| അടങ്കൽ തുക | 3650000 |
| ചെലവ് തുക | 1500000/- |
| ബിൽ നം/തീയതി | 6/19-20, 180000/- തീ-21.01.20<br>07/19-20, 300000/- തീ-21.01.20<br>08/19-20, 300000/- തീ-1.02.20<br>11/19-20, 180000/- തീ-10.01.20<br>14/19-20, 300000/-തീ-13.03.20<br>15/19-20, 140000/- തീ-16.03.20<br>17/19-20, 100000/- തീ-31.3.20 |

പ്രസ്തുത പദ്ധതിപ്രകാരം 75 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

പ്രസ്തുത ഗുണഭോക്താക്കൾ പശുക്കളുടെ ഇൻഷ്വറൻസ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-18/21-ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുകയായ 1500000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-37 സ്പോർട്സ് കിറ്റ് വിതരണം -അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ക്ലബ്ബുകൾക്ക് സ്പോട്സ് കിറ്റ് വിതരണം |
| പ്രോജക്ട് നം | 105/20 |
| അടങ്കൽ തുക | 100000/- |
| ചെലവ് തുക | 100000/- |
| ബിൽനം/തീയതി | 33/19-20 ,18.01.2020 |

പ്രസ്തുത പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ 25 ക്ലബ്ബുകൾക്ക് സ്പോട്സ് കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന ക്ലബ്ബുകളുടെ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല.

1.യുവസംഗമം സ്പോട്സ് ക്ലബ്

2.യുവശക്തി സ്പോട്സ് ക്ലബ്

3.ഹരിത നാട് സാംസ്കാരികവേദി&സ്പോട്സ് ക്ലബ്

4.എ.വി.എ ആർട്സ് &സ്പോട്സ് ക്ലബ്

5.കലാഗ്രാമം ആർട്സ് &സ്പോട്സ് ക്ലബ്

6.മേരിമാതാ ആർട്സ് &സ്പോട്സ് ക്ലബ്

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-33/21-ന് 6 ക്ലബ്ബുകളുടെയും രജിസ്ട്രേഷൻ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. സ്പോർട്സ് കിറ്റ് വിതരണം രജിസ്ട്രേഷൻ ഉള്ള ക്ലബ്ബുകൾക്ക് നൽകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എങ്കിൽ മാത്രമെ പദ്ധതിയുടെ കാര്യക്ഷമതയും സുതാര്യതയും ഉദ്ദേശലക്ഷ്യങ്ങളും ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയും ജാഗ്രത പുലർത്തേണ്ടതാണ്.

## 1-38 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-തുക 131250/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി |
| പ്രോജക്ട് നം | 92/20 |
| അടങ്കൽ തുക | 468750/- |
| ചെലവ് തുക | 131250/- |
| ബിൽ നം/തീയതി | 5/19-20, തീ-12.11.2019 |

പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി 131250/-രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-18/21-ന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ്തുകയായ 131250/-രൂപ തടസ്സപ്പെടുത്തുന്നു. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ചെലവഴിക്കാതെ ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥന്റെ പക്കൽ സൂക്ഷിച്ചിരിക്കുന്ന പഞ്ചായത്ത് ഫണ്ടിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-39 സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷവും പൂർത്തീകരിച്ചിട്ടില്ല.

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ സ്പിൽ ഓവറായി ഏറ്റെടുത്തെങ്കിലും നടപ്പിലാക്കാതെ ഉപേക്ഷിക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വെറ്റിനറി ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം | 244/20 |
| അടങ്കൽ തുക | 300000 |
| ചെലവ് തുക | 0 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആടുവളർത്തൽ(വനിത) |
| പ്രോജക്ട് നം | 245/20 |
| അടങ്കൽ തുക | 2000000 |
| ചെലവ് തുക | 0 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-18/21-ന് മറുപടി ലഭ്യമാക്കിയില്ല. ജി.ഒ.(എം.എസ്) നം72/2017ത.സ്വ.ഭ.വ. തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. വരും വർഷങ്ങളിൽ ഏറ്റെടുക്കുന്ന സ്പിൽ ഓവർ പ്രവൃത്തികൾ ഏറ്റെടുക്കുന്ന വർഷം തന്നെ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-40 അനുപൂരക പോഷകാഹാര പദ്ധതി - സ്റ്റോക്ക് രജിസ്റ്ററുകൾ ഐ.സി.ഡി.എസ്.സൂപ്പർവൈസർ പരിശോധിക്കുന്നില്ല.

പദ്ധതി നമ്പർ-35/2019

പദ്ധതി പേര് - അനുപൂരക പോഷകാഹാര പദ്ധതി

അടങ്കൽ തുക - 25,00,000/-

ചെലവ് തുക - 23,87,542/-

അംഗനവാടി വർക്കർമാരുടെ സ്റ്റാക്ക് രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ പരിശോധിക്കുന്നില്ല. 20 അംഗനവാടി വർക്കർമാരുടെ സ്റ്റോക്ക് രജിറ്ററുകൾ പരിശോധിച്ചതിൽ 03 രജിറ്ററുകൾ മാത്രമാണ്

ഐ.സി.ഡി.എസ് സൂപ്പർവൈസർ പരിശോധിച്ചതായി കണ്ടത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/2021, 18.09. 2021 ) മറുപടിയായി അധിക ജോലി ഭാരം കാരണമാണ് ഇത് സംഭവിക്കുന്നതെന്ന് അറിയിച്ചു.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗനവാടി വർക്കറുടെ പേര് | അംഗനവാടി സെന്റർ നമ്പർ | അപാകത |
|---|---|---|---|
| 1 | ഫാൻസി | (81) | അംഗനവാടിയിലെ ഹാജർ പുസ്തകത്തിൽ ഹാജർ രേഖപ്പെടുത്താത്ത ധാരാളം ദിവസങ്ങളുണ്ട്. |
| 2 | ജാസ്മിൻ | (82) | ഹാജർ പുസ്തകത്തിൽ തിരുത്തലുകൾ വരുത്തുന്നു. |
| 3 | കുമാരി ജലജ | (92) | സബ് സ്റ്റോക്ക് എഴുതി സൂക്ഷിക്കുന്നില്ല. |
| 4 | ഷീന റ്റി | (59) | മാർച്ച് 2019 ൽ ലഭിച്ച 10 കിലോ പച്ചരി, സ്റ്റോക്കിൽ രേഖപ്പെടുത്തിയില്ല. |
| 5 | ഷേർളി | (84 ) | |
| 6 | പ്രീത | ( 74) | |

ഐ.സി.ഡി.എസ്.സൂപ്പർവൈസർ എല്ലാമാസവും അംഗനവാടികൾ സന്ദർശിക്കേണ്ടതും, സബ് സ്റ്റോക്കിലെ വിവരണങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## <u>1-41 വായനശാലകൾക്ക് പുസ്തക വിതരണം -പദ്ധതി രൂപീകരണത്തിലെ പാളിച്ച</u>

പദ്ധതി നമ്പർ-78/2019

പദ്ധതി പേര് -സർക്കാർ രജിസ്ട്രേഷനുള്ള വായനശാലകൾക്ക് പുസ്തക വിതരണം

അടങ്കൽ തുക - 1,00,000/-

ചെലവ് തുക - 1,00,000/-

ബില്ല് നമ്പർ- 11/2019-20, 13.03.2020

പഞ്ചായത്ത് യോഗ തീരുമാന പ്രകാരം (8/37,06.03.2019) അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ 20 വായനശാലകൾ ഉണ്ട്. ഇവർക്ക് വിതരണം ചെയ്യാനായി ഒരു ഗ്രന്ഥശാലയ്ക്ക് 47 പുസ്തകങ്ങൾ വീതം ഒരു ലക്ഷം രൂപ വില കൊടുത്ത് കേരള സംസ്ഥാന ബുക്ക്മാർക്കിൽ നിന്നും പുസ്തകങ്ങൾ വാങ്ങി. ( ബില്ല് നമ്പർ 711,30.12.2019 ) എന്നാൽ വാങ്ങിയ പുസ്തകങ്ങൾ 10 വായനശാലകൾക്ക് മാത്രമാണ് വിതരണം ചെയ്തത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/2021, 15.09.2021) മറുപടിയായി മറ്റു വായനശാലകൾ പ്രവർത്തിക്കുന്നില്ല എന്നാണ് അറിയിച്ചത്. പ്രവർത്തിക്കാത്ത വായനശാലകൾ ഗുണഭോക്തൃ പട്ടികയിൽ വന്നത് പദ്ധതി രൂപീകരണത്തിലെ പാളിച്ചയാണ്. ഇല്ലാത്ത വായനശാലകൾക്ക് വേണ്ടി വാങ്ങിയ പുസ്തകങ്ങൾ പാഴ്ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. വിതരണം ചെയ്യാത്ത പുസ്തകങ്ങൾ എത്രയും വേഗം അർഹരായവരിലെത്തിക്കാൻ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-42 എൽ.പി.യു.പി.സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ - വിതരണക്കാരനെ തിരഞ്ഞെടുത്ത രീതി ക്രമപ്രകാരമല്ല</u>

പദ്ധതി നമ്പർ-86/2019

പദ്ധതി പേര് - എൽ.പി.യു.പി.സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ

അടങ്കൽ തുക - 2,00,000/-

ചെലവ് തുക - 1,98,828/-

ബില്ല് നമ്പർ- 08/2019-20, 12.11.2019

വ്യക്തമായ സ്പെസിഫിക്കേഷൻ നിർദ്ദേശിക്കാതെ എട്ട് വിതരണക്കാരിൽ നിന്നും ടെണ്ടർ ക്ഷണിക്കുകയും പഞ്ചായത്തിന്റെ തീരുമാനപ്രകാരം എ.ബി.എൻറർപ്രൈസിൽ നിന്നും മൂന്ന് വാട്ടർ പ്യൂരിഫയറുകൾ 1,98,828/- രൂപയ്ക്ക് ( ഒരെണ്ണത്തിന് 66,276/- രൂപ) ( ബില്ല് നമ്പർ-10/19 തീയതി 21.10.2019) വാങ്ങുകയുണ്ടായി. പ്രൊകൂവർമെൻറ് കമ്മിറ്റി താരതമ്യ പരിശോധന നടത്തി ബോധ്യപ്പെട്ടാണ് എ.ബി.എൻറർപ്രൈസിന്റെ ഉൽപ്പന്നം വാങ്ങിയതെന്നാണ് 26.08.2019 ലെ മീറ്റിംഗിലെ 6 (2) തീരുമാനമായി പറയുന്നത്. എന്നാൽ സ്പെസിഫിക്കേഷൻ നിർദേശിക്കാതെ വ്യത്യസ്ത വിതരണക്കാരിൽ നിന്നും വ്യത്യസ്ത ഉൽപ്പന്നം നോക്കിയിട്ട് അതിൽ നിന്നും ഒരു വിതരണക്കാരനെ തിരഞ്ഞെടുത്ത രീതി ക്രമപ്രകാരമല്ല. കൂടാതെ വാട്ടർ പ്യൂരിഫയറുകൾ വിതരണം ചെയ്തത് സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (10/2021, 15.09.2021) ഭാവിയിൽ ഇക്കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു. പ്രോജക്ട് നിർവ്വഹണം നടത്തുമ്പോൾ ഇത്തരത്തിൽ അപാകതകൾ ഉണ്ടാകാതിരിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-43 അഗതിരഹിതകേരളം-അവലോകനം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അഗതിരഹിതകേരളം (ആശ്രയ) |
| പ്രോജക്ട് നം | 117/20 |
| പദ്ധതി നിർവ്വഹണം | അസി.സെക്രട്ടറി |

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതികുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃത പദ്ധതി എന്ന നിലയിൽ അഗതിരഹിത കേരളം പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നതിന് സ ഉ (എം എസ്) നം 252/2017/തസ്വഭവ തീയതി 12.12.17 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 350 ഗുണഭോക്തൃ കുടുംബങ്ങൾ ഉൾപ്പെടുന്ന ഗുണഭോക്തൃലിസ്റ്റ് ഭരണസമിതി അംഗീകരിച്ചിരുന്നു. (തീരുമാനം നമ്പർ-07.12.2018 ലെ 11(1)). 500000 രൂപ (വികസനഫണ്ട്) അടങ്കൽ നിശ്ചയിച്ചാണ് പുതിയ പ്രോജക്ട് തയ്യാറാക്കിയത്. എന്നാൽ ഓരോ ഗുണഭോക്താക്കൾക്കും ആവശ്യമായ ഘടകങ്ങൾ ഉൾപ്പെടുത്തി പ്രോജക്ട് നിർവ്വഹണം ആരംഭിച്ചില്ല. തൻ വർഷം വീട് മെയിന്റനൻസ്) 50000/- രൂപ ചെലവഴിച്ചതൊഴിച്ചാൽ മറ്റു പ്രവർത്തനങ്ങൾ ഒന്നും നടപ്പാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.33/21-ന് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് ഫണ്ട് അനുവദിക്കാത്തതിനാലാണ് മറ്റ് ഘടകങ്ങൾക്ക് ആനുകൂല്യം നൽകാത്തതെന്നാണ് അറിയിച്ചിട്ടുള്ളത്.

ആശ്രയ ആദ്യ രണ്ട് ഘട്ട പ്രോജക്ടുകളിൽ അക്കൗണ്ടുകളിൽ ബാലൻസുണ്ടായിരുന്ന തുകകൾ പുതുതായി മെമ്പർ സെക്രട്ടറിയുടേയും കുടുബശ്രീ ചെയർപേഴ്സന്റേയും പേരിൽ പുതുതായി ആരംഭിച്ച സംയുക്ത അക്കൗണ്ടിലേയ്ക്ക്(അക്കൗണ്ട് നമ്പർ 40380101089864) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

| ഘട്ടം | അക്കൗണ്ടിൽ അവശേഷിച്ച തുക | ഡി എഫ് കെ അക്കൗണ്ടിലേക്ക് വരവ് വെച്ച തീയതി |
|---|---|---|
| ഒന്നാംഘട്ടം | 1515.48/- | 30.06.2020 |

അപാകതകൾ പരിഹരിച്ച് പ്രോജക്ടിന്റെ നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനും സമൂഹത്തിൽ അവശതയനുഭവിക്കുന്നവരുടെ ക്ലേശഘടകങ്ങൾ പരിഹരിക്കുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയു ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-44 പെൻഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2019-2020 സാമ്പത്തിക വർഷത്തെ വിവിധ ക്ഷേമ പെൻഷനുകളുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ പെൻഷൻ വിവരങ്ങൾ കൃത്യമായി ഉൾപ്പെടുത്തിയിട്ടുള്ള ക്ഷേമ പെൻഷൻ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ അപേക്ഷകന് നിശ്ചിത സമയത്തിനുള്ളിൽ പെൻഷൻ ലഭിച്ചോയെന്നും; പെൻഷൻ അപേക്ഷകൾ സ്വീകരിച്ച തീയതി, അപേക്ഷകന്റെ വിശദവിവരങ്ങൾ, അപേക്ഷ അന്വേഷണോദ്യോഗസ്ഥന് കൈമാറിയ തീയതി, അന്വേഷണോദ്യോഗസ്ഥൻ റിപ്പോർട്ട് ലഭ്യമാക്കിയ തീയതി, അന്വേഷണ റിപ്പോർട്ടിലെ ശിപാർശ, അപേക്ഷകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ച വിവരം, കമ്മിറ്റി തീരുമാന പ്രകാരം പെൻഷൻ അനുവദിച്ച തീയതി തുടങ്ങിയ വിവരങ്ങളും പ്രസ്തുത രജിസ്റ്ററിന്റെ അഭാവത്തിൽ അറിയുവാൻ സാധിച്ചിട്ടില്ല. പെൻഷൻ സംബന്ധമായ മറ്റു രേഖകളിൽ (അപേക്ഷകൾ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്) നിന്നും നാമമാത്രമായ വിവരങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ക്ഷേമ പെൻഷനുകളുടെ പൂർണ്ണ വിവരമടങ്ങിയ ക്ഷേമ പെൻഷൻ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും പെൻഷൻ അനുവദിക്കുന്നതിൽ സർക്കാർ മാനദണ്ഡ പ്രകാരമുള്ള സമയപരിധിയും സുതാര്യതയും കാര്യക്ഷമതയും ഉറപ്പ് വരുത്തേണ്ടതുമാണ്.

ഇതു സംബന്ധിച്ച് 20.09.2021 തീയതിയിൽ 31 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ പെൻഷൻ രജിസ്റ്റർ പ്രത്യേകം എഴുതി സൂക്ഷിക്കുന്നില്ലെന്നും ആയത് എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

## 1-45 നടപടിക്രമങ്ങളിലെ കാലതാമസം; പെൻഷൻ നിശ്ചിത സമയത്തിനുള്ളിൽ അനുവദിക്കാൻ കഴിയുന്നില്ല

ക്ഷേമ പെൻഷനു വേണ്ടി പഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകൾ വിവിധ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കാലവിളംബം നേരിടുന്നതിനാൽ സമയബന്ധിതമായി പെൻഷൻ അനുവദിക്കാൻ സാധിച്ചിട്ടില്ല. സർക്കാർ മാനദണ്ഡ പ്രകാരം അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം പെൻഷൻ അനുവദിക്കേണ്ടതാണ്. 2019-2020 കാലയളവിൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

ഫ്രണ്ട് ഓഫീസിൽ നിന്നും തപാൽ നമ്പർ രേഖപ്പെടുത്തിയ അപേക്ഷകൾ ബന്ധപ്പെട്ട സെക്ഷനിൽ ലഭിച്ചതിനു ശേഷം അന്വേഷണ ഉദ്യോഗസ്ഥന് എപ്പോൾ കൈമാറിയെന്നോ അന്വേഷണം കഴിഞ്ഞ് റിപ്പോർട്ട് ഈ ഉദ്യോഗസ്ഥൻ എപ്പോൾ സമർപ്പിച്ചുവെന്നോ ഉള്ള വിവരങ്ങൾ ആവശ്യമായ രേഖകളുടെ അഭാവത്തിൽ അറിയുവാൻ കഴിയുന്നില്ല. അപേക്ഷയിൽ അന്വേഷണോദ്യോഗസ്ഥന്റെ റിപ്പോർട്ടിനു കീഴിലായി സാക്ഷ്യപ്പെടുത്തലുണ്ടെങ്കിലും തീയതി രേഖപ്പെടുത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. എന്നാൽ ഫ്രണ്ട് ഓഫീസിൽ നമ്പരിട്ട അപേക്ഷകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പാസാക്കുന്നതുതന്നെ മാസങ്ങൾ വൈകിയാണ്. ഇതിൽ നിന്നും പെൻഷൻ അനുവദിക്കുന്നതിലെ കാലതാമസം വ്യക്തമാകുന്നു. ഇത്തരത്തിലുള്ള ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകരുടെ പേര് | ഫ്രണ്ട് ഓഫീസ് തപാൽ നമ്പരും തീയതിയും | അപേക്ഷ പാസാക്കിയ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടന്ന തീയതി | ക്ഷേമ പെൻഷന്റെ തരം |
|---|---|---|---|
| ശ്രീമതി. ഗ്ലോറി. ആർ | A3/1812/19 13.03.2019 | 27.05.2019 | വാർദ്ധക്യകാല പെൻഷൻ |
| ശ്രീമതി. കോമളം | A3/1543/19 25.02.2019 | 27.05.2019 | വാർദ്ധക്യകാല പെൻഷൻ |
| ശ്രീമതി. സുശീല | A3/1450/19 27.02.2019 | 27.05.2019 | വാർദ്ധക്യകാല പെൻഷൻ |
| ശ്രീ. ജോർജ്. ജി | A3/1490/19 01.03.2019 | 27.05.2019 | വാർദ്ധക്യകാല പെൻഷൻ |
| ശ്രീമതി. സുശീല | A3/1626/19 06.03.2019 | 27.05.2019 | വാർദ്ധക്യകാല പെൻഷൻ |
| ശ്രീമതി. ശ്രീകുമാരി | A3/1920/19 16.03.2019 | 20.07.2019 | വാർദ്ധക്യകാല പെൻഷൻ |
| ശ്രീ. രവീന്ദ്രൻ നായർ | A3/1437/19 25.02.2019 | 20.07.2019 | വാർദ്ധക്യകാല പെൻഷൻ |
| ശ്രീ. തങ്കപ്പൻ. ഡി | A3/920/19 08.02.2019 | 20.07.2019 | വാർദ്ധക്യകാല പെൻഷൻ |
| ശ്രീമതി. റീന. എം | A3/2414/19 01.04.2019 | 20.07.2019 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ |
| ശ്രീമതി. യശോദ | A3/1606/19 06.03.2019 | 20.07.2019 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ |
| ശ്രീമതി. ജിജി. എസ്.എൽ | A3/3191/19 10.05.2019 | 20.07.2019 | ശാരീരിക മാനസിക വെല്ലുവിളി |

| | | | |
|---|---|---|---|
| | | | നേരിടുന്നവർക്കുള്ള പെൻഷൻ |
| ശ്രീമതി. ശ്യാമള | A3/1615/19<br>06.03.2019 | 13.11.2019 | വിധവ പെൻഷൻ |
| ശ്രീമതി. മഹേശ്വരി ഹരികുമാർ | A3/1001/19<br>01.03.2019 | 13.11.2019 | വിധവ പെൻഷൻ |
| ശ്രീമതി. സുജകുമാരി. എൽ | A3/1806/19<br>13.03.2019 | 13.11.2019 | വിധവ പെൻഷൻ |
| ശ്രീമതി. ലില്ലിഭായി. വി | A3/1894/19<br>15.03.2019 | 13.11.2019 | വിധവ പെൻഷൻ |
| ശ്രീമതി. ഷീജ. എസ് | A3/163/19<br>10.01.2019 | 13.11.2019 | വിധവ പെൻഷൻ |

ഇതു സംബന്ധിച്ച് 20.09.2021 തീയതിയിൽ 31 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ അപേക്ഷയോടൊപ്പം അനുബന്ധ രേഖകൾ അപേക്ഷകർ സമർപ്പിക്കാത്തതും അപേക്ഷകൾ അന്വേഷണം കഴിഞ്ഞ് വരുന്നതിലുണ്ടായ കാലദൈർഘ്യവുമാണ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പാസാക്കുന്നതിനും പെൻഷൻ അനുവദിക്കുന്നതിന് കാലതാമസം ഉണ്ടായതിനുമുള്ള കാരണമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്.

ക്ഷേമ പെൻഷൻ നിശ്ചിത സമയത്തിനുള്ളിൽ അനുവദിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും അന്വേഷണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-46 മരണശേഷം പെൻഷൻ വിതരണം ചെയ്യുന്നതിലൂടെ സർക്കാരിന് ധനനഷ്ടം

മരണമടഞ്ഞതിന് ശേഷവും വ്യക്തികൾക്ക് വിവിധ തരം ക്ഷേമ പെൻഷനുകൾ വിതരണം ചെയ്തതിലൂടെ സർക്കാരിന് ഭീമമായ തുകയുടെ നഷ്ടം സംഭവിക്കുന്നു. പെൻഷൻ വാങ്ങുന്ന വ്യക്തിയുടെ മരണ വിവരം ബന്ധപ്പെട്ട സോഫ്റ്റ്‌വെയറിൽ യഥാസമയം ഉൾപ്പെടുത്താത്തതാണ് ഇതിനുള്ള കാരണം. ഇതു സംബന്ധിച്ച് സേവന സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരങ്ങളിൽ നിന്നും ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| മരിച്ച വ്യക്തിയുടെ പേര് | മരണമടഞ്ഞ തീയതി | ആധാർ നമ്പർ | ക്ഷേമ പെൻഷന്റെ തരം | പെൻഷൻ അവസാനമായി ലഭിച്ച മാസം | പെൻഷൻ ലഭിച്ച രീതി |
|---|---|---|---|---|---|
| ശ്രീ. ജോർജ് | 20.12.2018 | 992017652569 | വാർദ്ധക്യ കാല പെൻഷൻ | 04/2019 | അക്കൗണ്ടിൽ നിക്ഷേപിച്ചു |
| ശ്രീമതി. ചെല്ലമ്മ | 25.12.2018 | 925525708949 | കർഷക തൊഴിലാളി പെൻഷൻ | 04/2019 | തുക നേരിട്ട് കൈപ്പറ്റി |
| ശ്രീ. ലാസർ. എസ് | 24.01.2019 | 332542478310 | കർഷക തൊഴിലാളി പെൻഷൻ | 04/2019 | അക്കൗണ്ടിൽ നിക്ഷേപിച്ചു |
| ശ്രീമതി.കമലം.എൻ | 14.01.2019 | 252956886402 | വാർദ്ധക്യ കാല പെൻഷൻ | 04/2019 | അക്കൗണ്ടിൽ നിക്ഷേപിച്ചു |
| ശ്രീ.ആൽഫ്രഡ്.വൈ | 27.01.2019 | 263337829590 | കർഷക തൊഴിലാളി പെൻഷൻ | 04/2019 | തുക നേരിട്ട് കൈപ്പറ്റി |
| ശ്രീമതി. റസ്സലമ്മ | 11.11.2018 | 288524285881 | കർഷക തൊഴിലാളി പെൻഷൻ | 04/2019 | തുക നേരിട്ട് കൈപ്പറ്റി |
| ശ്രീമതി. സരസ്വതി അമ്മ | 27.12.2018 | 732943739596 | വാർദ്ധക്യ കാല പെൻഷൻ | 04/2019 | അക്കൗണ്ടിൽ നിക്ഷേപിച്ചു |
| ശ്രീമതി. | 17.02.2019 | 409168816118 | വിധവ പെൻഷൻ | 04/2019 | അക്കൗണ്ടിൽ |

| | | | | | |
|---|---|---|---|---|---|
| സരോജിനി | | | | | നിക്ഷേപിച്ചു |
| ശ്രീ. ബാലൻ.കെ. ആർ | 21.12.2018 | 314545322405 | വാർദ്ധക്യ കാല പെൻഷൻ | 04/2019 | അക്കൗണ്ടിൽ നിക്ഷേപിച്ചു |
| ശ്രീമതി. ആലീസ് | 07.12.2018 | 936439952688 | വാർദ്ധക്യ കാല പെൻഷൻ | 07/2019 | അക്കൗണ്ടിൽ നിക്ഷേപിച്ചു |
| ശ്രീമതി. ഡാളിഭായി | 29.08.2018 | 230243102201 | കർഷക തൊഴിലാളി പെൻഷൻ | 07/2019 | തുക നേരിട്ട് കൈപ്പറ്റി |
| ശ്രീമതി. ഡെയ്സി. എൻ | 06.01.2019 | 438188347803 | വിധവ പെൻഷൻ | 07/2019 | അക്കൗണ്ടിൽ നിക്ഷേപിച്ചു |
| ശ്രീ. ഗോപാലൻ നാടാർ | 26.01.2019 | 709781054643 | കർഷക തൊഴിലാളി പെൻഷൻ | 07/2019 | തുക നേരിട്ട് കൈപ്പറ്റി |
| ശ്രീ. ജോർജ്. ഡി | 10.02.2019 | 289857008357 | വാർദ്ധക്യ കാല പെൻഷൻ | 07/2019 | അക്കൗണ്ടിൽ നിക്ഷേപിച്ചു |

ഇതിന്റെ കാരണം ആരാഞ്ഞുകൊണ്ട് 20.09.2021 തീയതിയിൽ 31 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ പെൻഷനുകൾ സൈറ്റിൽ കൃത്യസമയത്ത് രേഖപ്പെടുത്തിയാലും പെൻഷൻ സൈറ്റ് ഓപ്പൺ ചെയ്യുമ്പോൾ മാത്രമെ പെൻഷൻ നിർത്തൽ ചെയ്യുവാൻ പറ്റുകയുള്ളുവെന്നും പെൻഷൻ സൈറ്റ് ഓപ്പൺ ചെയ്യുന്നതിനനുസരിച്ച് ഡിജിറ്റൽ സൈൻ ചെയ്തു പെൻഷൻ ക്യാൻസൽ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മരണമടഞ്ഞ വ്യക്തികളുടെ പെൻഷൻ അതതുസമയം നിർത്തൽ ചെയ്യുന്നതിലൂടെ സർക്കാർ ധനത്തിന്റെ അതിവ്യയം നിയന്ത്രിക്കാൻ കഴിയുന്നതാണ്. അധികമായി നൽകിയ തുകയുടെയും, ഈടാക്കിയതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-47 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - കരാറുകാരിൽ നിന്ന് ജി.എസ്.ടിയും ആദായ നികുതിയും സ്രോതസ്സിൽ നിന്നും കുറവ് ചെയ്യുന്നില്ല

2019-2020 സാമ്പത്തിക വർഷത്തെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് കരാറുകാരിൽ നിന്നും വാങ്ങിയിരുന്നു. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ, പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. 21.3.2013 GO(P)3/2013/SPD 12.29 പ്രകാരവും നിയമപ്രകാരമുള്ള ഡിഡക്ഷനുകൾ നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ, ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ ജി.എസ്.ടി, ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ അടച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രവൃത്തി | കരാറുകാരന്റെ പേര് | കരാറുകാരന് നൽകിയ തുക |
|---|---|---|---|
| 1 | മീതി വണ്ടിപ്പുളിമേട് നടപ്പാത നിർമാണം. | ശശിധരൻനായർ | 3,82,378/- |
| 2 | വെള്ളാർ പൂവൻകുഴി നടപ്പാത നിർമാണം | സതീഷ് രാജ് | 3,82,339/- |
| 3 | ചായംപൊറ്റ കണ്ണൂർകോണം നടപ്പാത നിർമാണം | ശശിധരൻ നായർ | 68,793/- |

2. സ്റ്റോക്ക് രജിസ്റ്റർ അക്രഡിറ്റഡ് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
3. കരാർ തയ്യാറാക്കുമ്പോൾ മുദ്രപ്പത്രത്തിൽ വർക്കിന്റെ വിവരങ്ങൾ ചേർക്കുകയും കരാറുകാരന്റെയും അക്രഡിറ്റഡ് എഞ്ചിനീയറുടെയും ഒപ്പ് വയ്ക്കുകയും ചെയ്യുന്നില്ല.
4. സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ കരാർ വക്കുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/22.9.2021) ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാരോട് ജി.എസ്.റ്റി, ആദായ നികുതി എന്നിവ അടച്ച ബിൽ ലഭ്യമാക്കാൻ ആവശ്യപ്പെടേണ്ടതും വരും വർഷങ്ങളിലെ ടെണ്ടർ, ബില്ലിംഗ് പ്രക്രീയകളിലും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-48 ഓഡിറ്റ് പരാമർശങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.

**ഓഡിറ്റ് പരാമർശങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.**

മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശങ്ങളായി നിരീക്ഷിക്കപ്പെട്ട ഖണ്ഡികകൾ വ്യക്തമായ മറുപടികളും, രേഖകളും സമർപ്പിച്ച് പരാമർശങ്ങൾ സമയബന്ധിതമായി ഒഴിവാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് 2018-19 വരെ പുറപ്പെടുവിക്കുന്ന റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ തീർപ്പാക്കാൻ സത്വര നടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന് കണ്ടെത്തി. ആയതിനെ സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പ് 01/21-ന് നൽകിയ മറുപടിയിൽ 2018-19 വരെ 201 ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാൻ ഉള്ളതായി മറുപടി നൽകി. തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ തീർപ്പാക്കാൻ ഉദ്യോഗസ്ഥ തലത്തിലും, ഭരണതലത്തിലും സത്വര നപടി സ്വീകരിക്കേണ്ടതാണ്.

## 1-49 കുരിശുമല തീർത്ഥാടനം -ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിന് പകരം ബദൽ സംവിധാന ഏർപ്പെടുത്തൽ - തുടർ നടപടികൾ വൈകുന്നു.

വെള്ളറട പഞ്ചായത്തിലെ കുരിശുമല തീർത്ഥാടന സമയത്ത് തീർത്ഥാടകർക്ക് കുടിവെള്ളം എത്തിക്കുന്നതിനായി കരാറുക്കാർക്ക് എല്ലാ വർഷവും ഗ്രാമപഞ്ചായത്ത് വൻതുക ചെലവിടുന്നുണ്ട്. 2019-20 സാമ്പത്തികവർഷം ഈയിനത്തിലെ പദ്ധതി അടങ്കൽ 332592/- രൂപയാണ്. ഓരോ വർഷവും കരാർ തുക ക്രമാതീതമായി വർദ്ധിക്കുന്നതായി 07.05.2019-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തുകയും ഈ ആവർത്തനചെലവ് ഒഴിവാക്കുന്നതിലേക്കായി ഭൂഗർഭജലവകുപ്പിന്റെ സഹായത്തോടെ കുഴൽകിണർ നിർമ്മിക്കുകയോ, കാളിപ്പാറ ശുദ്ധജലപദ്ധതിയിൽ നിന്ന് പൈപ്പ് ലൈൻ നീട്ടുകയോ ചെയ്യുന്നതിനായി നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു. ഇത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികളെക്കുറിച്ച് 25.09.21-ന് നൽകിയ 40/19-20 ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി 10 ലക്ഷം രൂപ അടങ്കലിൽ ഒരു മിനി കുടിവെള്ളപദ്ധതി നടപ്പ് സാമ്പത്തികവർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതായും സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുമെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തീർത്ഥാടകർക്കായി ടാങ്കറിൽ കുടിവെള്ളം എത്തിക്കുന്നതിന് വർഷാവർഷം പഞ്ചായത്ത് വൻതുക ചെലവിടുന്നത് ഒഴിവാക്കുന്നതിനും ടി പ്രദേശത്ത് സ്ഥിരമായ ജലലഭ്യത ഉറപ്പ് വരുത്താൻ സാധ്യത പരിശോധിച്ച് പൈപ്പ് ലൈൻ പോലുള്ള ബദൽ മാർഗങ്ങൾ നടപ്പിലാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 സാമ്പത്തികനില

| | |
|---|---|
| മുന്നിരിപ്പ് | 58020426 |
| വരവ് | 204863750 |
| ആകെ | 262884176 |

| | |
|---|---|
| ചെലവ് | 200159868 |
| നീക്കിയിരിപ്പ് | 62724308 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 3469956 | ലൈഫ് പദ്ധതി | 2876697 | 2860000 | 1017365 |
| | | 12500 | കിണർ റീചാർജ്ജ് | 408000 | 12500 | 0 |
| | | 434625 | സ്നേഹസ്പർശം | 434625 | 434625 | 0 |
| | | 1020 | കേദാരം നെൽകൃഷി വികസനം | 1020 | 1020 | 0 |
| | | 1500000 | ക്ഷീരസമൃദ്ധി | 1500000 | 1500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 4370000 | ലൈഫ് പദ്ധതി | 4416879 | 4370000 | 0 |
| | | 29000 | കിണർ റീചാർജ്ജ് | 612000 | 29000 | 0 |
| | | 434625 | സ്നേഹസ്പർശം | 434625 | 434625 | 0 |
| | | 1020 | കേദാരം നെൽകൃഷി വികസനം | 1020 | 1020 | 0 |
| | | 140000 | ഹരിതഭവനം | 140000 | 140000 | 0 |

നീക്കിയിരുപ്പ് സുലേഖ പത്രിക പ്രകാരമാണ്. വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2019-20 സാമ്പത്തിക വർഷം നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 244878 | 0 | 0 | 244878 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

**ഇല്ല.**

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2019-20 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നം/ | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| ഉദ്ദേശം | തീയതി | | ബാക്കിയുണ്ടായിരുന്ന തുക | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 50908293 | 65032048 | 8661765 | | 107278576 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ സംബന്ധിയായ വിവരം ചുവടെ ചേർക്കുന്നു

| ബാങ്കിന്റെ പേര് | നിക്ഷേപ തീയതി | നിക്ഷേപ തുക | നിക്ഷേപ കാലാവധി പൂർത്തീയാക്കുന്ന തീയതി |
|---|---|---|---|
| ബാങ്ക് ഓഫ്ബറോഡ | 20.03.2020 | 2697942 | 20.03.2023 |

## 4-7 ഓഡിറ്റ് റിക്കവറി

| ക്രമനം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | തുക ഒടുക്കിയാളുടെ പേരും ഉദ്ദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|---|
| 1 | 2017-18 | 3(9) | 7004 | സൗമ്യ.R.S, അസ്സി.എഞ്ചിനീയർ | 119060101937 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3.18 | 2016-19 | 61 | വിവിധറോഡ് പണികൾക്കായി കുഴിച്ചെടുത്ത മണ്ണ് ഉപയോഗയോഗ്യമല്ലെന്ന് എഞ്ചിനീയർസാക്ഷ്യപ്പെടുത്താത്തതിനാൽ നിറക്കുന്നതിനാവശ്യമായി വരുന്ന മണ്ണിന്റെ അളവ് കുറയ്ക്കാതെ കോൺട്രാക്ടർക്ക് 7990/- രൂപ അധികം നൽകി | സർക്കാർ സാധൂകരണത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| 2002-03 | 3.15 | 2016-19 | 78 | സാങ്കേതികാനുമതി വാങ്ങാതെ നടത്തിയ മരാമത്ത് പ്രവൃത്തികൾ-ഗുരുതരമായക്രമക്കേട് | നടപടിക്രമങ്ങൾ പാലിക്കുന്നതിൽജാഗ്രതപുലർത്തണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്തിട്ടുള്ളതാണ്. |
| 2002-03 | 3.25(1)(2) | 2016-19 | 80 | ടെണ്ടർ നിരക്കുകൾ തിരുത്തി-പഞ്ചായത്തിന് നഷ്ടം | ഇത്തരത്തിലുള്ള പിഴവുകൾ ആവർത്തിക്കരുതെന്ന കർശന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്തിട്ടുള്ളതാണ്. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 262884176 |
| | |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്<br>വരവിനങ്ങളിലുള്ള നഷ്ടം | 200159868<br>- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1631250 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

**(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-36 | 1500000/- | ശ്രീ.ബൈജു.എസ്, വെറ്റിനറി സർജൻ |
| 1-38 | 131250/- | ശ്രീ.ബൈജു.എസ്, വെറ്റിനറി സർജൻ |

**(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബൈജു.എസ്, വെറ്റിനറി സർജൻ | നന്ദനം, ചെമ്പഴന്തി പി.ഒ | നന്ദനം, ചെമ്പഴന്തി പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നമ്പർ | റിമാർക്ക്സ് |
|---|---|---|---|
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1203/2001 തീയതി 08.12.2015 | 3 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.2/304/2006 തീയതി 31.05.2006 | 12 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1183/2008 തീയതി 02.06.2011 | 7 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1184/2009 | 7 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.2/833/2009 | 7 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1839/2009 | 9 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.2/523/2010 തീയതി 23.03.2012 | 32 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1914/2013 തീയതി 29.11.2013 | 12 | |

| | | | |
|---|---|---|---|
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.2/341/2013 തീയതി 04.06.2013 | 14 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.2/2409/2013 തീയതി 06.04.2015 | 9 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 2/1125/2018 തീയതി 06.06.2018 | 5 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 2/1125/2018 തീയതി 06.06.2018 | 6 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 2/1125/2018 തീയതി 06.06.2018 | 15 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 2/2167/2016 തീയതി 26.12.2016 | 23 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 02/969/2017 തീയതി 11.10.2017 | 23 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 02/2623/2018 തീയതി 09.07.2019 | 15 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1821/19 തീയതി 22.10.2019 | | |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്